# ഗുരുനാഥൻ

| പുസ്തകം 17 | 1113 കർക്കടകം | ലക്കം 12 |
|---|---|---|


## നീയാരു് എന്നറിയുക

(ഒരു എം. എ., ബി. എൽ.)

ഞാൻ എന്തെന്നു് എനിക്കറിഞ്ഞുകൂട എന്ന പരമാർത്ഥമാണു് ഈ ലേഖനത്തിൻെറ ജീവൻ. ആ പരമാർത്ഥം നല്ലപോലെ ചിന്തിച്ചാൽ തങ്ങൾ ആരെന്നറിയുന്നവർ വളരെ ചുരുങ്ങും. ഒരു കവിയൊ, ദിവ്യനൊ മററു ആരൊ ഇങ്ങനെ പറഞ്ഞിരിക്കുന്നു. 'നീ പൂഴിയാണു്. പൂഴിയിലെക്കുതന്നെ നീ മടങ്ങും'. ഇതു് ഒരു അനുമോദനത്തിനു വകയുള്ളതല്ല. എല്ലാററിൻേറയും പൊടിയൊ? മററുവല്ലതുമാകരുതെ.

ചില തത്വജ്ഞാനികൾ നീ ദൈവമാണെന്നു വിശ്വസിപ്പിക്കുന്നു. നീ ആരെന്നറിയണമെന്നു് അവക്കും പക്ഷമുണ്ടു്. അവരുടെ മതപ്രകാരം എല്ലാവരും ദൈവമാണു്. ഇതും നമ്മെ ഒരു നല്ലവഴിയ്ക്കു തിരിച്ചുവിടുന്നില്ല.

ഇതെല്ലാം വലിയ വേദാന്തചിന്തയാണു്. ഞാൻ ഇപ്പോൾ വേദാന്തം പറവാൻ ഒരുക്കമില്ല. വേദാന്തത്തിനു് ഉചിതമായ ഒരു സ്ഥാനമുണ്ടു്. അതു് ഇവിടെയല്ല. അത്രതന്നെയല്ല, അതു ബുദ്ധിക്കു നല്ല പാകതയും ഉണർവുമുള്ളവക്കു വേണ്ടതല്ല.

എന്നെ എങ്ങനെയാണു നിങ്ങളെ പരിചയപ്പെടുത്തേണ്ടതെന്നു വാസ്തവത്തിൽ എനിക്കറിഞ്ഞുകൂട. അതു പറവാനാണു് ഞാൻ പുറപ്പെട്ടിരിക്കുന്നതു്. നിങ്ങളാരാ എന്നു് എന്നോടു ചോദിച്ചാൽ എനിക്കുത്തരം പറവാനറിഞ്ഞുകൂട. ഞാൻ ഒരു ഹെഡ്ക്ലാർക്കിനെ അറിയും. അദ്ദേഹത്തിൻെറ അടുക്കൽ ചെല്ലുന്നവരുടെ തലയ്ക്കു് ഒന്നു തൊടും. 'ഹെഡ്' ഒരു പ്രതിദിനപത്രത്തിൻെറ അധിപരെന്നു് ഞാനറിയും. ഈയിടെ അദ്ദേഹം

ആ കടലാസ്സിൻെറ ഒരു കാളത്തിൽ ഈ നാടിൻെറ ഒരു 'ലീഡർ' ആണെന്നു പ്രഖ്യാപനം ചെയ്തിരുന്നു.

അവർ കളവല്ല പറയുന്നതു്; അശേഷവുമല്ല. ഹെഡ്ക്ലാർക്കു താൻ ഒരു 'ഹെഡ്' ആണെന്നു വിശ്വസിച്ചിരിക്കുന്നു. ഒരു 'ലീഡർ' ആണു് താനെന്ന വിശ്വാസത്തെ ഹനിപ്പാൻ ലോകത്തിൽ ഒന്നിനും ശക്തിയില്ലെന്നു പത്രാധിപരും വിശ്വസിക്കുന്നു. മററുള്ളവർ ഇതു സമ്മതിച്ചുകൊടുക്കുമൊ എന്നു ചിന്തിക്കതന്നെ വേണ്ട, അവർക്കു് ആത്മവിശ്വാസമുണ്ടു്. പിന്നെ എന്തു വേണം? അവർ ആരെന്നറിയുന്നതുതന്നെ വലിയ കാര്യം. തെററായാൽ എന്തു്? ശരിയായാൽ എന്തു്? പക്ഷെ എനിക്കതറിഞ്ഞുകൂട.

ഞാൻ ഒരു എം. എ. ആണു്. പക്ഷെ ഞാനൊന്നിലും 'മാസ്റ്റർ' ആയിട്ടില്ല. ഞാൻ 'ലാ'യിൽ ഗ്രാഡ്വെററുചെയ്തു .അതുകൊണ്ടു് ലാ എന്നു് ഒന്നില്ലെന്നു മാത്രം പഠിച്ചു. ലാ പഠിക്കുന്നതുകൊണ്ടു് ഒരു ആവശ്യവുമില്ലെന്നർത്ഥം. ലാ സംബന്ധമായ എല്ലാ അറിവും തീരെ അനാവശ്യമെന്നു "അർബിററേഷൻ ബോർഡു്" നിശ്ചയിച്ചു. ഈ ബോർഡിനു സീമാതീതമായ അധികാരമുണ്ടു്. വഴക്കു് ഒതുക്കിതീർക്കുന്ന ആ പഴയ ചങ്ങാതിമാർക്കു ലായുടെ അറിവു് ആവശ്യമില്ല. അതിനുവേണ്ട ഒരു അറിവും അവർക്കുവേണ്ട. അതുതന്നെയുമല്ല നിയമജ്ഞാനം ഒരു അയോഗ്യതയുമാണു്. വക്കീലന്മാർക്കു് ഒരു നിരോധനംകൂടിയുണ്ടു്. ബോർഡാപ്പീസിൻെറ പരിസരങ്ങളിലെങ്ങും അവരെ കാണുകപോലുമരുതുപോലും.

അല്പമൊരു വ്യതിയാനം വന്നുപോയോ? വായനക്കാർ ക്ഷമിക്കണമെന്നപേക്ഷ. ഞാനാരെന്നു പറവാൻ എനിക്കറിഞ്ഞുകൂട എന്നു പറവാനാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ഒരു തത്വചിന്തകൻ ഇങ്ങനെ പറയുന്നു. "തന്നെ താനറിയുക;" അപ്പോൾ "ഞാൻതന്നെ ദൈവം" എന്നു മറെറാരാളും പറയുന്നുണ്ടു്. എന്തിനധികം പറയുന്നു. ആ "സ്വത്വം" അറിയുന്നതിനോ സാക്ഷാൽകരിക്കുന്നതിനോ വലിയ വിഷമംതന്നെയാണു്. അതു ചെയ്യാൻ കഴിയുമെങ്കിൽ—സ്വത്വസാക്ഷാൽകാരത്തിനു കഴിവുണ്ടെങ്കിൽ—നിങ്ങൾക്കു് ഉന്നതപദപ്രാപ്തിയുണ്ടാകും. അല്ലെങ്കിൽ ഒരതീതമനുഷ്യനാകും. സ്വത്വസാക്ഷാൽകാരത്തിൻെറ പരിമാണം അനുസരിച്ചു് അതീതത്വത്തോടു സമീപിക്കാം. സ്വത്വസാക്ഷാൽകാരത്തിനു മോഹമുണ്ടെങ്കിൽ സ്വാർത്ഥപരതകൂടാതെ കഴികയില്ല. സ്വത്വസാക്ഷാൽകാരത്തിനു സ്വാർത്ഥപരത ആവശ്യമെന്നർത്ഥം. അതിനാൽ സ്വാർത്ഥപരത ഏറുംതോറും മനുഷ്യവർഗ്ഗത്തിൽ ഉയർന്നുയർന്നുവരും.

ഇതു പരമാൎത്ഥം മാത്രമാണ്. ലോകമൊട്ടുക്കുള്ള വലിയ ആളുകളെനോക്കുക. സ്വാതന്ത്ര്യപരന്മാരല്ലാത്തവർ അതായതു സ്വത്വസാക്ഷാൽകാരത്തിൽ പരാജയപ്പെട്ടവർ അറിയപ്പെടാത്തവർതന്നെയാണ്. പക്ഷെ വലിയവർ—മുതലാളിമാരും ധനാരാധകരും—എല്ലാവരും ഏറക്കുറെ സ്വത്വസാക്ഷാൽകാരം ചെയ്യുവരാണ്. അല്പപട്ടിണികൊണ്ടോ മുഴുപട്ടിണികൊണ്ടോ ജീവിതം ആരംഭിച്ചു കുബേരപദത്തിൽ എത്തിയ വല്ലവരേയും നിങ്ങൾ അറിയുമോ? എന്നാൽ അങ്ങനെയുള്ള ഒരുവൻെറ അടുക്കൽ ചെന്ന് ഈ പദവിസിദ്ധിച്ചതു് എങ്ങനെയെന്നു ചോദിക്കാമൊ? പരമാൎത്ഥമായ ഉത്തരം "സ്വത്വസാക്ഷാൽകാരം" എന്നായിരിക്കും.

ഒരു വ്യക്തിക്ക് ഈ തത്വം എങ്ങനെ പരമാൎത്ഥമൊ അതുപോലെതന്നെ ഒരു സമുദായത്തിനും ഇതു ശരിയാണ്. ഗ്രെയിററുബ്രിട്ടൻ അതിമനുഷ്യർ നിറഞ്ഞ ഒരു രാജ്യമാണ്. അവരെല്ലാം സ്വത്വം സാക്ഷാൽകരിച്ചിട്ടുണ്ടു്. അതുകൊണ്ടുതന്നെയാണു ലോകത്തിലെ വലിയ ശക്തിയായി അവർ ശോഭിക്കുന്നതു്; ജപ്പാനും അങ്ങനെതന്നെ. ബ്രിട്ടീഷുസിംഹത്തിനു വയസ്സായി. അവർ സ്വാതന്ത്ര്യം വളരെ മുമ്പുതന്നെ നേടിക്കഴിഞ്ഞു. ഇപ്പോൾ ഏകാന്തവാസത്തിൽ സമാധാനചിന്തചെയ്യാനാണ് ഇഷ്ടപ്പെടുന്നതു്. ജപ്പാൻ ഇയ്യിടെ തുടങ്ങീട്ടെ ഉള്ളു. വീടിനോടടുത്തുതന്നെയിരുന്നാണു നമ്മുടെ പ്രധാനമന്ത്രി സാക്ഷാൽകാരംചെയ്തതു്. ബ്രിട്ടീഷുസാമ്രാജ്യമാകുന്ന കപ്പലിലെ സ്രാങ്കാണു താനെന്ന് അദ്ദേഹം അറിയുന്നു—പോരാ, പറയുന്നുമുണ്ടു്.

സ്വത്വസാക്ഷാൽകാരം ചെയ്യാത്തിട്ടില്ലാത്തവനു നന്മയെന്തെന്ന് അറിഞ്ഞുകൂട. ഇൻഡ്യാക്കാൎക്കും ഇതു് അറിവില്ല. ഇവിടത്തെ ഭൂരിപക്ഷംപേൎക്കും അറിഞ്ഞുകൂടാ എന്നതു നിശ്ചയം. അതുകൊണ്ടാണു ബ്രിട്ടീഷുകാർ ഇവൎക്കു നന്മവരുത്തുവാൻ ഒരുങ്ങിയിരിക്കുന്നതു്. ബ്രിട്ടീഷുകാർ ഇൻഡ്യയ്ക്കു പുതിയ ഭരണഘടനവ്യവസ്ഥ ചെയ്തു. ഇൻഡ്യാക്കാർ ഇതു ചീത്തയെന്നു പറയുന്നു. "നിങ്ങൾക്കു നന്മയേതെന്ന് അറിഞ്ഞുകൂട" എന്നു ബ്രിട്ടീഷുകാർ പറയുന്നു.

"മായാതത്വം പഠിക്കുവിൻ" എന്ന് മാന്യനായ ഇൻഡ്യാസെക്രട്ടറി ഉപദേശിക്കുന്നു. "സത്തു എന്നുവിചാരിക്കുന്നതെല്ലാം അസത്താണു്. ചീത്തയെന്നു തോന്നുന്നതെല്ലാം നന്മയാണ്. നിങ്ങളുടെ സങ്കടങ്ങളൊന്നും വാസ്തവമല്ല. അവ തിരസ്കൃതസന്തോഷങ്ങളാണ്. ഈ കാണുന്നതെല്ലാം മായയാണ്. അതു നിങ്ങൾക്കറിവില്ലേ."

ചില അവസരങ്ങളിൽ മായായവനികയിൽക്കൂടി നോക്കുമ്പോൾ മിഥ്യാതത്വവാദിയായ സ്റ്റേററുസെക്രട്ടറിക്കും പരാജയം പററിയേക്കും. എല്ലാവക്കും ചില ക്ഷീണവശം ഉണ്ടായിരിക്കും. ഒരു അതീതമനുഷ്യനും ഇതുണ്ട്. മാന്യനായ സെക്രട്ടറിയുടെ സഹപ്രവത്തകർ ഹിററ്ലർ ഗജ്ജിച്ചപ്പോൾ ജമ്മനിയിലേക്കു പാഞ്ഞതും മുസോളിനിയുടെ പുരികം ചുളിച്ചപ്പോൾ ഇററലിയിലേക്കു പറന്നതും ഇതുതന്നെ. പിന്നെ വേണ്ടതു പറവാൻ ഹിററ്ലറൊ, മുസോളിനിയൊ സംഗതിയുടെ ഗതിപോലെ നടക്കും. അവർ പതുക്കെ തലോടി "നിങ്ങൾ ക്ലേശിക്കേണ്ട. പുരികം ചുളിച്ചതു എൻെറ ചിരിയുടെ ലക്ഷണമാണ്. മിഥ്യാഭ്രമത്തിനു നിങ്ങൾ വശപ്പെട്ടതാണ്. സാധാരണയിൽനിന്നു വ്യതിരിക്തമായൊന്നുമില്ല". മാന്യസെക്രട്ടറിയുടെ സഹപ്രവത്തകർ ശങ്കമാനഹൃദയത്തോടെ മടങ്ങിയെത്തി. "ഇതു മായയാണോ?"

മായ നിങ്ങളുടെ ത്വഗിന്ദ്രിയത്തെ സ്പശിച്ചാൽ നിങ്ങൾ അന്ധന്മാരാകത്തക്കവണ്ണം അതു് അത്ര ശക്തിയുള്ളതാണ്. മററുള്ളവർ മായാബാധിതരാകുമ്പോൾ നമുക്കു ഗുണദോഷിക്കാം. നാം മിടുക്കരെന്നു ഭാവിക്കയും ചെയ്യാം. നമ്മെ ബാധിച്ചാൽ ഇരട്ടിൽ കഷ്ടം.

ദുരിതദൂനതകളെ ജയിപ്പാനുള്ള പ്രഥമപാഠം മായാവിജയവും സ്വത്വസാക്ഷാൽകാരവും തന്നെ. "നീ നിന്നെ അറിയുക" ഇതായിരിക്കണം ജീവിതാദശം. ശാശ്വതസുഖം അനുഭവിക്കണമെങ്കിൽ—ഉയച്ചയും വലിപ്പവും ഉണ്ടാകണമെങ്കിൽ തന്നെ താനറിയുക. ഞാനെൻെറ സ്വത്വം സാക്ഷാൽകരിക്കുന്നവിഷയത്തിൽ പരാജിതനായി. ഞാനാരെന്നു് എനിക്കറിഞ്ഞുകൂട. ഞാനാരല്ലെന്നുമാത്രമറിയാം. അതുകൊണ്ടുതന്നെയാണ് എനിക്കൊന്നും ഇല്ലാതായതു്.

ഈ വിചാരം തള്ളിക്കളയുകതന്നെ. എനിക്കൊന്നുമില്ലെന്നുതോന്നുന്നതുതന്നെ മായയാണ്. ഞാൻ യോഗ്യതയുള്ള ഒരു തൊഴിലില്ലാത്തവനാണ്. (യോഗ്യതയില്ലാത്ത തൊഴിലുള്ളവനല്ല.) എൻെറ ചിന്തതന്നെ അസംബന്ധമാണ്. തൊഴിലില്ല എന്നു തോന്നുന്നതുതന്നെ മായ. സ്വത്വസാക്ഷാൽകാരം അഥവാ സ്വാത്ഥമാത്രപരത ഞാൻ ശീലിക്കണം. ഇതുവരെ അതു എന്തെന്നറിഞ്ഞിട്ടില്ല.

അതുകൊണ്ടു ഞാൻ ആവത്തിച്ചു പറഞ്ഞുകൊള്ളുന്നു. തന്നെത്താനറിയുക. തന്നെ താൻ സഹായിക്കുക. തന്നെ താൻ സഹായിച്ചാൽ അവനെ ദൈവം അനുഗ്രഹിക്കും. എല്ലാവിധവും, എന്തു ക്ലേശം അനുഭവിച്ചും തൻകാര്യം മാത്രം നോക്കുക. ശുഭാവരും.

# പനാമയും സൂവസ്സും

(P. N. G. C.)

ഗോഡെ മൂന്നു തോടുകളിലെ ദീഘദശനം ചെയ്തിരിക്കുന്നു. ഭൂലോകത്തെ അല്പം ചെറുതാക്കുമെങ്കിലും അതിനുള്ള അഭിവൃദ്ധിയും പരിഷ്കാരവും വലുതാക്കുവാൻ അവ ശക്തങ്ങളാകും. ഇവയിൽ രണ്ടു സിദ്ധമായി. മൂന്നാമത്തേതിൻെറ സാദ്ധ്യത കാലയവനികകൊണ്ടു മറഞ്ഞിരിക്കുന്നു. അടുത്തുകഴിഞ്ഞ ശതവഷത്തിൻെറ മദ്ധ്യഘട്ടത്തിൽ സൂവസ്തോടു സാധിച്ചു. ഈ അവസരത്തിൽത്തന്നെ പനാമ തോടിൻെറ സംരംഭവും സമുദയം ചെയ്തിരുന്നു. ലോകമഹായുദ്ധത്തിൻെറ സമാരംഭംവരെ അതിൻെറ പൂണ്ണത്വം സാധിച്ചില്ല. റയിൻഡാന്യൂബ്സംബന്ധിയായ തോട് ഇനിയും കാലാനുകൂലപ്രതീക്ഷയിൽതന്നെ സ്ഥിതിചെയ്യുന്നു. നാത്ത്സീയേയും ബ്ളാക്സീയേയും സന്ധിപ്പിക്കുന്നതായാൽ യൂറോപ്പിൻെറ ഉത്തരദക്ഷിണസ്ഥാനങ്ങളും പാശ്വവത്തിയായ പ്രാചീയും വിദൂരമല്ലാതെ ഭവിക്കും.

സൂവസ്തോടും പനാമ തോടും ഫർഡിനാൻഡ്ഡിലസപ്സ് എന്ന ഫ്രഞ്ചുകാരൻെറ പ്രതിഭയിൽ പ്രതിബിംബിച്ചവയാണ്. എങ്കിലും പനാമയുടെ പൂണ്ണതയ്ക്കു് അദ്ദേഹത്തിൻെറ നേതൃത്വം സിദ്ധിക്കാതിരിക്കത്തക്കവണ്ണം ചില അപ്രതീക്ഷിതകാരണങ്ങളും സവ്വോപരി അവിടത്തെ ഭൂപ്രകൃതിയുടെ അഹിതസ്വഭാവവും നിമിത്തമായിത്തീൎന്നു. 1869-ൽ സൂവസ്തോടു പൊതുജനാവശ്യത്തിനു തുറക്കപ്പെട്ടു. ആവത്തിച്ചാവത്തിച്ചുള്ള ഫ്രഞ്ചുപരിശ്രമം ഉണ്ടായിരുന്നിട്ടും ആ പരിപാടിയെ നിശ്ശേഷം ഉപേക്ഷിച്ച 1904-വരെ പനാമ തോടിൻെറ പ്രാരംഭജോലിപോലും പറയത്തക്കവണ്ണം സമാരംഭിച്ചിരുന്നില്ല. ആ കൊല്ലംതന്നെ ഐക്യസംസ്ഥാനഗവണ്മെൻറു ഫ്രഞ്ചുപഥംതന്നെ സ്വീകരിച്ചു. അതിനെ പൂണ്ണമാക്കി. പക്ഷെ അല്പമൊരു രൂപാന്തരരീതിയാണ് അവർ സ്വീകരിച്ചതു്. 1914 ആഗസ്റ്റുമാസത്തിൽ പനാമ തോടു സഞ്ചാരക്ഷമമാക്കിത്തീത്തു.

ഫ്രഞ്ചുകാക്കു പററിയ പരാജയങ്ങളിൽ അതിപ്രധാനമായ ഒന്ന് അവിടത്തെ അനാരോഗ്യസ്ഥിതിയെന്നു മുമ്പേ പറഞ്ഞുവല്ലോ. അമേരിക്കക്കാരുടെ ആദ്യശ്രമംതന്നെ രോഗബാധയേ ഉച്ചാടനം ചെയ്തു് അവിടം ഒരു സുഖവാസസ്ഥലമാക്കുന്നതിനായിരുന്നു. ഇതു ബുദ്ധിപൂവ്വകമായ ഒരു കമ്മംതന്നെ. ഇന്നു് ഇവിടത്തെ മരണനിരക്ക് അമേരിക്കയിലുള്ള

ആരോഗ്യപ്രദനഗരങ്ങളെ അപേക്ഷിച്ചു കുറവാണ്. അമ്മേരിക്കയെല്ലുള്ള അനവധി സഞ്ചാരികൾ സുഖവാസത്തേയും വിനോദത്തേയും ആരിഞ്ഞിവിടെ എത്താറുണ്ടു്. വർഷകാലങ്ങളിൽ ഉത്തരപ്രദേശത്തുള്ള ശിതബാധയിൽനിന്നു് ഒഴിവാനും ഇവിടെ ആളുകൾ എത്താറുണ്ടു്.

രണ്ടു തോടുകളിൽ വലുതു് സൂവസ്സാണ്. പനാമയെ അപേക്ഷിച്ചു മററൊരു വ്യത്യാസവും ഉണ്ടു്. സൂവസ് സമുദ്രനിരപ്പിൽ യോജിച്ചിരിക്കുന്നു. അതിനാൽ എൻജിനിയറിങ്ങിനു നേരിടേണ്ട വിഷമങ്ങൾ അല്പം ലഘുവാണ്.

പനാമത്തോടും സമുദ്രനിരപ്പോടു യോജിച്ചു വേണമെന്നായിരുന്നു ഫ്രഞ്ചുകാരുടെ ഉദ്ദേശം. പക്ഷെ അമ്മേരിക്കക്കാർ ഈ അഭിപ്രായത്തോടു പരാങ്മുഖരായിരുന്നു. ഇന്നത്തെ തോടു വെട്ടിയിരിക്കുന്നതു നിമ്നോന്നതവും ദുർഘടമേറിയതുമായ ഒരു ഭൂപ്രദേശത്താണ്. സൂവസ്സിൻെറ മാതൃകയിൽനിന്നു് അത്യന്തം വ്യതിരിക്തമായ ഒന്നാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നതു്. പനാമയുടെ പ്ലാൻ ഏതാണ്ടു താഴെ പറയുംപ്രകാരമാണ്. അററലാൻറിക്കിൽ കൊളൺ എന്ന സ്ഥാനംമുതൽ കിഴക്കോട്ടു പെസഫിക്കിൽ പനാമവരെ നീണ്ടുകിടക്കുന്ന ഈ തോടിനു് 50 മൈൽസു നീളമുണ്ടു്. തോടിൻെറ ഓരോ അററവും ഏകദേശം എട്ടു മൈൽസു വീതം സമുദ്രനിരപ്പോടു് ഒത്തുകിടക്കുന്നു. ശേഷിച്ച ഭാഗം ഒരു ഉന്നതതലത്തിൽ സ്ഥിതിചെയ്യുന്നു. അവിടെ രണ്ടു തടാകങ്ങളും സൃഷ്ടിച്ചിട്ടുണ്ടു്. അവയിൽ വലുതു് ഗാട്ടൻ ആണ്. ഈ കൃത്രിമതടാകങ്ങൾ ചാഗ്രസ് നദിയിൽ അണകെട്ടി ജലപ്രവാഹമുണ്ടാക്കിത്തീർത്തിട്ടുള്ളവയാണ്. അതിനാൽ ജനാധിവാസവുമുണ്ടായിരുന്നു എന്നുമാത്രമല്ല ഫലപ്രദവും കൂടി ആയിരുന്ന ആ നദീസാനു ഒരു ജലാശയമായിത്തീർന്നു. തടാകങ്ങളെ വേർതിരിച്ചിരുന്ന ഒരു കുന്നിനെ രണ്ടായി പിളർന്നു യോജിപ്പിച്ചു. വിവിധൗന്നത്യമുള്ള പ്രദേശങ്ങളിൽ ബുദ്ധിപൂർവ്വകവും കാര്യക്ഷമവുമായ പല തട്ടുകളും ഈ തോടിൽ നിർമ്മിച്ചിട്ടുണ്ടു്. സമുദ്രത്തിൽനിന്നും ഉന്നതപ്രദേശങ്ങളിലേക്കും അവിടെനിന്നും സമുദ്രത്തിലേക്കും സുരക്ഷിതമായി കപ്പലുകൾക്കു പ്രയാണംചെയ്യാൻ ഇവ ഉപകരിക്കുന്നു. സമുദ്രനിരപ്പോടൊത്ത ഒരു തോടു വെട്ടുവാൻ വേണ്ടിവന്നേക്കാവുന്ന ഭീമവ്യയം ഈവിധത്തിൽ നിവാരിതമായി.

രണ്ടു മഹാസമുദ്രങ്ങളുടെ സംയോജനംനിമിത്തം സൂവസ്സും പനാമയും അകലത്തെ (ദേശത്തെ) ലഘൂകരിച്ചു ഭൂഖണ്ഡങ്ങളെ സമീപവർത്തികളാക്കി. അജ്ഞാതമെന്നോ അപ്രധാനമെന്നോ എണ്ണിയിരുന്ന ചില രി

ജ്യങ്ങളുടെ പ്രശസ്തിക്കു സംഗതിയായി. സൂവസ്സും പനാമയും അപൂൎണ്ണമായ ഒന്നിനെ പൂൎണ്ണമാക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നു പറയാം. കച്ചവടമാൎഗ്ഗങ്ങളെ ഇവ വിപുലകൎമ്മംകൊണ്ടു പരിപൂൎണ്ണമാക്കി. പനാമ അററ്ലാൻറിക്കുതീരത്തേയും പെസഫിക്തീരത്തേയും യോജിപ്പിക്കുന്നതുകൊണ്ടു് അതിൻെറ കൎമ്മപരിപാടി എതിരില്ലാതായി. സൂവസ്സിൻെറ സ്ഥിതിയും ഏകദേശം ഇതുതന്നെ. ഏഷ്യയുടെ പടിഞ്ഞാറും തെക്കുപടിഞ്ഞാറും യൂറോപ്പിൻെറ വ്യാപാരനൈപുണ്യം വളൎത്തി. ഇവയെല്ലാം ഭൂമിശാസ്ത്രസംബന്ധികളാണു്. ഐക്യരാജ്യങ്ങളുടെ കിഴക്കുവശത്തുള്ള വ്യാവസായികമഹത്വം വടക്കുകിഴക്കേ ഏഷ്യ, ന്യൂസിലണ്ടു്, കിഴക്കെ ആസ്ത്രേലിയ എന്നീ പ്രദേശങ്ങളിൽ യൂറോപ്പിനെ അധഃകരിച്ചിട്ടുണ്ടു്. പനാമതോടുമൂലം താഴെ പറയുന്ന ദൂരക്കുറവുകൾ അമ്മേരിക്കയ്ക്കു സിദ്ധിച്ചു. ന്യൂയാൎക്കിൽനിന്നു യാക്കോഹാമായിലേക്കു 3768-ഷോങ്ങ് ഹൈയിലേക്കു 1876-ം, അഡിലേയിഡിലേക്കു 1746-ം മേൽബോണിലേക്കു 2770-ം സിഡ്നിയിലേക്കു 3932-ം, വെല്ലിങ്ടനിലേക്കു 2493-ം മൈൽസു കുറവുണ്ടു്. പെസഫിക് സമുദ്രതീരം യൂറോപ്പിനോടു വളരെ അടുത്തിരിക്കുന്നു. അതും പനാമമൂലമത്രെ.

ഭൂമിശാസ്ത്രവും അൎത്ഥശാസ്ത്രവും സദാ സാമരസ്യനില കൈക്കൊള്ളുകയില്ല. സൂവസ്സുമാൎഗ്ഗമായി നടക്കുന്ന വ്യാപാരത്തേ പനാമ ആകൎഷിക്കുന്നതായാൽ അവരണ്ടും അമിത്രങ്ങളാകുന്നതാണു്. പനാമയിലേക്കു കച്ചവടത്തിൻെറ ഏതൊരുഭാഗം തിരിഞ്ഞിട്ടുണ്ടെന്നു പറവാൻ വിശദമായ രേഖയൊന്നുമില്ല. അല്പമൊരു തിരിച്ചിൽ വന്നിട്ടുണ്ടെന്നുള്ളതിനു സംശയവുമില്ല. 1913 മുതൽ സൂവസ്സിൽക്കൂടി പോയ ചരക്കുകളുടെ നികുതി സ്ഥിരമായി നില്ക്കുന്നുണ്ടു്. പനാമയിൽക്കൂടി പോയ ചരക്കുകളുടെ നികുതി ശൂന്യത്തിൽനിന്നു് ഇന്നു സൂവസ്സിൽ കിട്ടുന്ന ആദായത്തോടു് ഏതാണ്ടു തുല്യമാണു്. അമ്മേരിക്കക്കാരുടെ വകയല്ലാത്തതും പനാമയിൽക്കൂടി കടന്നുപോകുന്നതുമായ കപ്പലുകളിൽ അധികവും ബ്രിട്ടീഷുകാരുടെ വകയാണു്. അവയിൽ അധികവും ന്യൂസിലണ്ടിലേയും ആസ്ത്രേലിയായിലേയുമത്രെ. അതിനാൽ ആവക ആദായം അമ്മേരിക്കയ്ക്കു കിട്ടുന്ന തുകയിൽ പെടുന്നവയാണല്ലോ. അപ്പോൾ ആ നഷ്ടം സൂവസ്സിനുള്ളതുതന്നെ. ജപ്പാൻെറയും വടക്കുകിഴക്കൻ ഏഷ്യയുടേയും സ്ഥിതി ഇതുതന്നെ.

ഇങ്ങനെ പറഞ്ഞതുകൊണ്ടു സൎവ്വാനുകൂല്യവും പനാമാഭാഗത്താണെന്നൎത്ഥമാക്കരുതു്. ഭൂസ്ഥിതിയുടെ ആനുകൂല്യം സൂവസ്സിനെ പനാമയെക്കാൾ ഉൽകൃഷ്ടതരമാക്കീട്ടുണ്ടു്. പ്രാചീനലോകത്തുള്ള പല വാണിജ്യ

കേന്ദ്രങ്ങളുടേയും മദ്ധ്യവർത്തിയാണ് സൂവസ്സ്. അടുത്തടുത്തു കിടക്കുന്ന തുറമുഖങ്ങളുമായി കച്ചവടംചെയ്യാൻ സൌകര്യമുണ്ട്. പനാമയ്ക്കീഗുണമില്ല. ഏഷ്യാഭൂഖണ്ഡത്തിൽനിന്നു പനാമ വേർതിരിക്കപ്പെട്ടിരിക്കുന്നു. നേരെ എതിർവശം സമുദ്രംനിമിത്തം അത്യന്തദവീയസിയാണ്. അവിടെ യാതൊരാനുകൂല്യവുമില്ല. ഇതു കച്ചവടത്തിനു അത്യന്തം പ്രതികൂലിയാണ്.

പനാമയുടെ സർവ്വരാജ്യസംബന്ധിയായ മഹത്വം മറെറാരു സ്ഥാനത്തെ അവലംബിച്ചിരിക്കുന്നു. ഇതു് അത്യന്തം ഗൗരവാവഹമായ ഒരു പ്രശ്നമാണ്. അമ്മേരിക്കക്കാരുടെ അത്ഥസാമ്രാട്ടപദംതന്നെയാണതു്. പനാമത്തോടു തുറന്നതോടുകൂടി അമ്മേരിക്കൻ ഐക്യരാജ്യം അററ്ലാൻറിക്കിൻേറയും പസഫിക്കിൻേറയും സർവ്വാധിപതിയായി. ഉത്തരമദ്ധ്യദക്ഷിണ അമ്മേരിക്കകളുടെ ധനപരമായ സർവ്വാധിപത്യവും ഇതിനധീനപ്പെട്ടു. മൺട്രോനിഗമനം ചെയ്ത അ കങ്കാളം (അസ്ഥിപഞ്ജരം) ഒററ കുതി കൊണ്ടു രക്തമാംസപൂരിതമായിത്തീൎന്നു.

ഈ ശ്രേഷ്ഠകമ്മത്തിൻെറ ഒരു ഭാഗമായി സൂക്ഷിക്കുന്നപക്ഷം യുണൈററഡ് സ്റ്റേററുകാൎക്കു കരീബിയൻ ആധിപത്യത്തിൻെറ പൂൎണ്ണത സിദ്ധിച്ചതു് ഈ തോടുമൂലമെന്നു പറയാം. കരീബിയൻെറ ഹൃദയംതന്നെ പനാമയാണ്. നാമമാത്രമായ സംരക്ഷണം മാത്രമെ ഉള്ളു എങ്കിലും മദ്ധ്യ അമ്മേരിക്ക മുഴുവനും, ക്യൂബാ, സാൻറഡോമിൻഗ എന്നീ ദ്വീപുകളും പോട്ടോറിക്ക എന്നിവയും എല്ലാം സ്വാധീനത്തിൽവന്നതു് ഈ ഒരു പദ്ധതിയുടെ ശാഖോപശാഖകളായിട്ടാണ്. ഈ പ്രദേശത്തു മറെറാരുശക്തിയും വന്നിടപെടുവാൻ യുണൈററഡ്സ്റ്റേററനുവദിക്കയില്ല. കച്ചവടത്തിനും ഗതാഗതത്തിനും മാത്രമുള്ള ഒരു മാൎഗ്ഗമായിട്ടല്ല പനാമ നിലകൊള്ളുന്നതു്. അമ്മേരിക്കൻനാവികസേനയുടെ ഒരു ഭ്രമണകേന്ദ്രംകൂടി ആയിരിക്കണമെന്നാകരുതൽ അവൎക്കുണ്ടു്. പൂൎവ്വപശ്ചിമസമുദ്രങ്ങളെ സമ്മുഖീകരിക്കുന്ന ഈ സങ്കേതം രാഷ്ട്രീയവും സൈനികവുമായ സർവ്വപ്രാബല്യത്തേയും ഈ നാടിനു പ്രദാനംചെയ്യുന്നു. സൂവസ്സ് ഗ്രേററുബ്രിട്ടനു് എങ്ങനെ പ്രാബല്യഹേതുകമൊ അതുപോലെ പനാമ അമ്മേരിക്കയുടെയും പ്രാബല്യഃഹേതു ആയിരിക്കണം. ഈ രണ്ടുശക്തികളും തിരസ്കൃതമായ ഒരു സംരംഭത്തെ ഈ സാദൃശ്യം ചൂണ്ടിക്കാണിക്കുന്നുണ്ടു്. ഭയങ്കരമായ ഒരു ഭാവിപിശുനത ഇതുമൂലം സൃഷ്ടിച്ചിരിക്കുന്നു. പനാമ സൂവസ്സിനു ബാധകമായിരിക്കുന്നതിനാൽ അതു ഇംഗ്ലണ്ടിനും അഹിതകാരിയത്രെ. അത്രതന്നെയല്ല, മദ്ധ്യഅമ്മേരിക്കയിലും ദക്ഷിണഅമ്മേരിക്കയിലും ധനസമ്പാദനപ്രവൎത്തനങ്ങളിൽനിന്നു് അമ്മേരിക്കരല്ലാത്തവൎക്കു നാമമാത്രമായ ഒരു നിരോധനവുമുണ്ടു്. മെക്സിക്കൊ, വെ

നിസൂല, മുതലായ പ്രദേശങ്ങളിലേ ധാതുദ്രവ്യചൂഷണത്തിലും ഈ രണ്ടു രാജ്യങ്ങളും അസപരസം നടിക്കാറുണ്ട്. തെക്കേ അമ്മേരിക്കയിലെ കേബിൾകമ്പനികയും വേറെ ഒരു പ്രോയൻറാണ്. പശ്ചിമപെസഫിക്കിൽ ഈ രണ്ടുശക്തികളും ധനപരമായ ഒരു മത്സരത്തിൽ ആദ്യമായി ഒന്നിടയുവാനിടയും ആയി. ചൈനയിലെ "ഓപ്പൺ ഡോഴ്സ് പോളിസി" മൺറൊസിദ്ധാന്തത്തിന് അമ്മേരിക്കയെ സംബന്ധിച്ച പ്രതിക്രിയയാണ്.

"ധനപരമായ സർവ്വാധിപത്യം അമ്മേരിക്കയ്ക്കുണ്ടായിരിക്കണമെന്ന ഇച്ഛ ഗ്രേറ്റുബ്രിട്ടനുമായി നാവികസമത്വം ആവശ്യപ്പെട്ടതോടെ സമാന്തരീഭവിച്ചു. നൗകാപ്രാമാണ്യം യു. എസ്. എയുടെ ഒരു സ്ഥാപിതതാല്പര്യമെന്നു നിക്കറാഗുവതോടിനെ സംബന്ധിച്ച നവ്യാശയം വിശദപ്പെടുത്തുന്നു. യുദ്ധകാലത്തും നൗകാസഞ്ചാരം നിർബാധമായി നടത്താമെന്നു വ്യവസ്ഥയില്ലെങ്കിൽ നാവികസമത്വം വെറുംപൊള്ളയായ ഒരു ശബ്ദമാണ്. പനാമയ്ക്കു വല്ലആപത്തും നേരിട്ടന്നെങ്കിൽ നിക്കറാഗുവതോടു യാത്രാസൗകര്യമുള്ളതാക്കിത്തീർക്കാം. ഇതു ആഫ്രിക്കയുടെ തെക്കേമുനവഴിയുള്ള യാത്രയോടു സാദൃശ്യമുണ്ട്. ഇതു സൂവസ്സിനു പകരമെന്നാണു സങ്കല്പം.

പനാമ, സൂവസ്സ് എന്നീ തോടുകളുടെ ഉത്ഭവം പ്രത്യക്ഷത്തിൽ യാതൊരുബന്ധവുമില്ലെന്നു തോന്നിയേക്കാം. പ്രഥമവീക്ഷണത്തിൽ അവയെ സംബന്ധിച്ചുള്ള പ്രതീതിയേക്കാൾ ആലോചിക്കുന്തോറും അധികമധികം സംഗതികളെ സ്പർശിക്കാം. ഗതാഗതത്തിനു പുതിയമാർഗ്ഗങ്ങളെ കണ്ടെത്തിയതും, പഴയവഴികളുടെ തിരസ്കാരവും പലരാജ്യങ്ങളുടെ ഭാഗധേയത്തെ സ്പർശിക്കുന്നു. സാമ്രാജ്യസംരക്ഷണത്തിനായി ഗ്രെയിറ്റുബ്രിട്ടൻ പ്രഥമാവകാശം കൈവശപ്പെടുത്തിയതുകൊണ്ടു അവിടത്തെ വ്യാവസായികാഭിവൃദ്ധിയും രാഷ്ട്രാധിപത്യവും എത്ര വിപുലമായി എന്നു കാണാം. ഇതു ഗതാഗതസൗകര്യംകൊണ്ടുമാത്രമാണ്. ബ്രിട്ടീഷ് വിദേശനയത്തിനുള്ള ശക്തി സുവസ്സിൻെറ പ്രാമാണ്യമെന്നു വ്യക്തമാണ്. പനാമ അമേരിക്കയ്ക്കും ഈ സ്ഥാനംതന്നെ നൽകുന്നതാണ്.

പനാമയുടെ ധനപരമായ ശക്തി വളരെ കൂടുതലാണ്. ഭാവിയിൽ അമ്മേരിക്കയുടെ ധനപരമായ ശക്തിവ്യാപ്തി അതു തെളിയിക്കും. ലോകത്തിൻെറ ധനവിപണി അമ്മേരിക്കയും പശ്ചിമപെസഫിക്കും ആകർഷിച്ചതോടെ സുവസ്സിന് അല്പമിടിവുണ്ട്. സംസ്കൃതസാധനങ്ങളെ സമ്പാദിക്കുന്നശക്തി യൂറോപ്പിനുമാത്രം എത്രകാലം നിലനിന്നുകിട്ടുമൊ അത്രകാലം സുവസ്സിൻെറ ഭാഗധേയത്തിനും നിലനില്പുണ്ടായിരിക്കുന്നതാണ്.

# മാതൃഹൃദയം

(വള്ളത്തോൾ.)

ശ്വേതവും സ്വച്ഛവുമായ കൈനൂൽത്തുണി
മീതേവിരിച്ചൊരു കൊച്ചുകിടയ്ക്കമേൽ
ചമ്രംപടിഞ്ഞിരുന്നാഹ്ലാദ ശീലനായ്-
ച്ചക്ക് തിരിക്കയാണേകദാ ഗാന്ധിജി.
സ്വാതന്ത്ര്യഹാനിയാൽ നമ്മുടെ നാടിന്നു
നാൾതോറുമേറുന്ന നഗ്നത നീക്കുവാൻ
വൃദ്ധഹസ്തങ്ങളാൽ നൂൽനൂററരുൾകയാ-
ണദ്ധനഗ്നാങ്ഗനക്കമ്മയോഗീശ്വരൻ
നൂൽച്ചുററുകളുണ്ടിടത്തു കൈത്തണ്ടമേൽ;
സ്വാച്ഛന്ദ്യചിന്തകൾ നെററിതന്നുള്ളിലും-
ഏവം വപുർബുദ്ധിചേഷ്ടയാൽ മാതൃഭൂ-
സേവനംചെയ്യുമിദ്ധന്യന്റെ സന്നിധൗ,
വന്ദ്യമാം ക്ഷേത്രത്തിലെന്നപോലഞ്ജസാ
വന്നണഞ്ഞാളൊരു ഭക്തയാം ഭാമിനി.

രുച്യങ്ങളാകും മധുരനാരങ്ങകൾ
വെച്ചൊരുവെള്ളിത്തളികയോടൊപ്പമേ
തന്നെയും കാണിക്കയാക്കിശ്ശരണ്യന്റെ
മുന്നിലർപ്പിച്ചു നമസ്കരിച്ചാളവൾ;
പിന്നീടെണീററു വണങ്ങിനിന്നീടിനാൾ
പൊന്നണിമാറിൽക്കരാംബുജ മൊട്ടുമായ്.

സീമന്തിനിയുടെ സന്താപതാന്തമാം
ത്തുമുഖത്തേയ്ക്കു ദയാർദ്രമാം ദൃഷ്ടിയാൽ
സാക്രൂതമായൊന്നു നോക്കിനാൻ സദ്വ്രതൻ,
കൈകളെച്ചക്ക്മേൽ നിന്നെടുക്കാതെതാൻ.
ദാരിദ്ര്യമില്ലിവൾക്കില്ല വൈധവ്യവും,
താരുണ്യലാവണ്യശാലിനിയാണിവൾ;
വാരൊളിവീശുന്ന തുണ്ടിക്കളേബരം

ഭൂരിമൂല്യങ്ങളാം ഭൂഷാഗണങ്ങളാൽ
കാരണംപിന്നെയെന്തൊന്നി,ക്കുമാരിക്കു
ഗൌരഗണ്ഡങ്ങളിൽക്കണ്ണീരൊഴുകുവാൻ?
സ്വർണ്ണക്കസവുള്ള സാരിതൻ തുമ്പിനാൽ-
ക്കണ്ണുതുടച്ചവൾ ചൊന്നാൾ സഗദ്ഗദം:-
"കെട്ടമലടിഞാന;-ങ്ങന്നൊനിയ്ക്കൊരു
കുട്ടിയുണ്ടാകാനനുഗ്രഹിയ്ക്കേണമേ!"
മാതൃത്വവാഞ്ഛിതംകൊണ്ടാടി, മങ്കയെ-
സ്സാദരമാശ്വസിപ്പിച്ചു, മഹാശയൻ:-
"ആയിരമായിരമുണ്ടി, പ്പരാധീന-
മായ രാജ്യത്തിലനാഥരാം ബാലകർ;
സ്വീയസ്ഥിതിയ്ക്കൊത്തവരിൽച്ചിലക്കൊരു
തായയായ്യ്ക്കാംക നീ സന്താനലാലസേ!"
അപ്പിഞ്ചുപൂക്കളെച്ചേർത്തണച്ചാൽത്തവ
ലബ്ധമാംനിർവൃതി, മാതൃഹൃദയമേ!

[മാതൃഭൂമി വി. പ്ര.]

# ഇംഗ്ലീഷ്സ്ക്കൂളുകളിലെ പ്രകൃതിപഠനം

( സി. ജി. )

ആധുനികവിദ്യാഭ്യാസസമ്പ്രദായം ഉടച്ചുവാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നും, ഇപ്പോൾ വിദ്യാലയങ്ങളിൽ പഠിപ്പിച്ചുവരുന്ന വിഷയങ്ങൾ വിദ്യാർത്ഥികൾക്കു ഭാവിജീവിതത്തിൽ ലവലേശം പ്രയോജനകരമായിരിക്കുന്നില്ലെന്നും, ഉറക്കെ പ്രസംഗിക്കുന്നവർ ധാരാളമുണ്ടെങ്കിലും പ്രായോഗികവും ഉപയോഗപ്രദവുമായ ഏതെങ്കിലും മാററം നിർദ്ദേശിക്കുന്നവർ ചുരുക്കമാണ്. എന്നാൽ അത്യന്തം സുകരവും അത്യർത്ഥം പ്രയോജനപ്രദവുമായ ഒരു നിർദ്ദേശമാണ് ഈ ലേഖനംകൊണ്ടു നൾകാൻ ഞാനുദ്ദേശിക്കുന്നതു്.

ഹൈസ്കൂളുകളിൽ പ്രിപ്പാറട്ടറി ക്ലാസ്സുമുതൽ ആറാംഫാറംവരെ പഠിച്ചുവരുന്ന ഒരു പ്രധാന വിഷയമാണ് പ്രകൃതിപാഠം എന്നു പറയു

ന്നതു്. ഏഴുകൊല്ലം ഈ വിഷയം പഠിക്കുന്നതുകൊണ്ടു് വിദ്യാൎത്ഥികൾക്കു സിദ്ധിക്കുന്ന വിജ്ഞാനം ഏററവും നിസ്സാരമാണു്. ഒരു ചെടിയുടെ ഭാഗങ്ങൾ, ഒരു പൂവിൻെറ അംശങ്ങൾ, തവള ഈച്ചയെ പിടിക്കുന്നതെങ്ങനെ, ഈച്ച മുട്ടയിടുന്നതെങ്ങനെ, കോഴിമുട്ട വിരിയുന്നതുവരെ അതിൽ വരുന്ന വികാരങ്ങളെന്തെല്ലാം ഇപ്രകാരമുള്ള സംഗതികളാണു് ഈ വിഷയത്തിൽ അന്തർഭവിച്ചിട്ടുള്ള പ്രധാന വിജ്ഞേയശകലങ്ങൾ. ഒരു കോഴിമുട്ട വിരിയുന്നതിനുമുൻപു് അതിൽ എന്തെല്ലാം വികാരങ്ങൾ ഉണ്ടാകുന്നു എന്നോ, ഒരു പശുവിനു് എത്ര വയറുണ്ടെന്നോ, ഒരാനയുടെ തുമ്പിക്കൈയ്യിൽ എത്ര മാംസപേശികൾ ഉണ്ടെന്നോ അറിയുന്നതുകൊണ്ടു് ഒരു വിദ്യാർത്ഥിക്കു് എന്തൊരു പ്രയോജനമാണുണ്ടാകുന്നതെന്നു മനസ്സിലാകുന്നില്ല. ആ വിഷയങ്ങളിൽ പ്രത്യേകം വാസനയുള്ള ആളുകൾ അവയിൽ പ്രവർത്തിച്ചു് വിജ്ഞാനം സമ്പാദിക്കുന്നതു ലോകോപകാരമായിരിക്കാം. എന്നാൽ ഹൈസ്കൂൾക്ലാസ്സുകളിൽനിന്നും ഏതദ്വിഷയകമായി ലഭിക്കുന്ന അറിവു് യാതൊരുപ്രകാരത്തിലും വിദ്യാർത്ഥികൾക്കു് ഭാവിജീവിതത്തിൽ പ്രയോജനപ്രദമായിത്തീരുന്നില്ലെന്നു്, മുൻ സൂചിപ്പിച്ചതിൻെറ സ്വരൂപം കൊണ്ടു മനസ്സിലാക്കാവുന്നതാണു്.

എന്നാൽ വിഷമംകൂടാതെ ഈ വിഷയത്തിൽ അത്യന്തം പ്രയോജകീഭവിക്കുന്ന ചില മാററങ്ങൾ വരുത്താൻ കഴിയും. പ്രകൃതിപഠനം എന്ന പേരു മാറേറണ്ട ആവശ്യമൊന്നുമില്ല. പ്രകൃതിപഠനം ഏററവും വിശാലമായ ഒരു വിഷയമാണു്. അതിൽ അന്തർഭവിപ്പിക്കുന്ന വിജ്ഞേയാംശങ്ങളുടെ സ്വരൂപം സ്വല്പമൊന്നു മാററിയാൽ മതി. ചെടികളെപ്പററി പഠിപ്പിക്കുന്നതു പ്രകൃതിപാഠത്തിലെ ഒരു പ്രധാനാംശമാണു്. ഏഴു കൊല്ലംകൊണ്ടു് എത്രയോ ചെടികളെ വിദ്യാൎത്ഥികൾക്കു പരിചയപ്പെടുത്തികൊടുക്കാൻ കഴിയും. ആ ചെടികളെ തിരിച്ചറിയുന്നതിനുള്ള ലക്ഷണങ്ങളും അവയിൽ ഓരോന്നിനുമുള്ള ഔഷധഗുണങ്ങളും വിദ്യാൎത്ഥികളെ ഗ്രഹിപ്പിക്കുന്നപക്ഷം അവൎക്കു് അതു് അത്യന്തം പ്രയോജനപ്രദമായിരിക്കും. ഒരു നിസ്സാരമായ പനിയ്ക്കു വേണ്ട കഷായത്തിനു് ആവശ്യമുള്ള ഔഷധികൾപോലും വിദ്യാർത്ഥികൾക്കെന്നുമാത്രമല്ല, അഭ്യസ്തവിദ്യന്മാരായ വൃദ്ധന്മാൎക്കുകൂടിയും തിരിച്ചറിഞ്ഞുകൂടാതെയാണു് ഇപ്പോഴിരിക്കുന്നതു്. ഈ ദുരവസ്ഥ എത്രയുംവേഗത്തിൽ ദൂരീകൎത്തവ്യമാണു്.

ചെടികളെപ്പററി പഠിപ്പിക്കുമ്പോഴെന്നപോലെതന്നെ, വിത്തുകൾ, കായുകൾ, പൂക്കൾ മുതലായവയെപ്പററി പഠിപ്പിക്കുമ്പോഴും പ്രയോജനാംശത്തിനു പ്രാധാന്യം കൊടുക്കുന്നതു നന്നായിരിക്കും. മൃഗങ്ങൾ, പ

ക്ഷികൾ, ഇഴജന്തുക്കൾ മുതലായവയെപ്പററിയും പ്രയോജനപ്രദങ്ങളായ പല അംശങ്ങളും പഠിപ്പിക്കാൻ കഴിയും. അപ്രകാരം ചെയ്യുന്നപക്ഷം ഹൈസ്കൂൾവിദ്യാഭ്യാസംകൊണ്ടുതന്നെ വിദ്യാൎത്ഥികൾക്കു സാമാന്യമായ ഔഷധപരിജ്ഞാനമുണ്ടാകുന്നു. തങ്ങൾക്കും, കൂട്ടുകാൎക്കും, വീട്ടുകാൎക്കും, അവരെക്കൊണ്ടു പ്രയോജനമുണ്ടാക്കുന്നതുകൂടാതെ വൈദ്യവിഷയത്തിൽ ഉപരിപഠനത്തിന് അവരുടെ സാമാന്യവിജ്ഞാനം പ്രേരകവും സഹായകവുമായിത്തീരുകയും ചെയ്യുന്നു.

# * അദ്ധ്യാപനവിജയം

ഒ. ജെ. കുരുവിള.

## I.

അദ്ധ്യാപകന്മാർ സാദ്ധ്യായദിവസങ്ങളിലെല്ലാം കൃത്യസമയത്തു ഹാജരായി പാഠകാലവിവരപ്പട്ടിക മുറയ്ക്ക് ഓരോവിഷയങ്ങളും പഠിപ്പിച്ചതുകൊണ്ടോ കരിക്കുലമനുസരിച്ചുള്ള വിഷയഭാഗങ്ങൾ ആണ്ടവസാനത്തിനു മുൻപു തീൎത്തതുകൊണ്ടോ, അധികാരികളുടെ ചോദ്യമുണ്ടാകാതിരിക്കത്തക്കവണ്ണം ജയശതമാനം കണക്കിൽ കവിഞ്ഞു ലഭിച്ചതുകൊണ്ടോ, അദ്ധ്യാപനം വിജയപ്രദമായി എന്നു സമാധാനിക്കാവുന്നതല്ല. നമ്മുടെ അദ്ധ്യാപനംകൊണ്ട് വിദ്യാഭ്യാസത്തിന്റെ ഉൽകൃഷ്ടമായ ഉദ്ദേശ്യങ്ങൾ ശരിയായി ഫലിപ്പിക്കത്തക്കവണ്ണം അടുത്തതലമുറയെ രൂപവത്കരിക്കുവാൻ സാധിക്കുന്നെങ്കിൽ, ധിഷണാശാലികളും കൎമ്മധീരന്മാരും സഹകരണബോധമുള്ളവരും ആയ യുവലോകത്തെ സജ്ജീകരിക്കുവാൻ കഴിയുമെങ്കിൽ, കൎമ്മകുശലന്മാരും സമുദായസ്നേഹികളും ആയ പൗരന്മാരടങ്ങിയ ഭാവിരാഷ്ട്രത്തെ സൃഷ്ടിക്കുന്നതിനു പര്യാപ്തമായിത്തീരുമെങ്കിൽ നമ്മുടെ അദ്ധ്യാപനം മിക്കവാറും വിജയപ്രദമായി എന്നു സമ്മതിക്കയും സമാധാനിക്കയും ചെയ്യാം. അദ്ധ്യാപനം വിജയകരമാക്കുന്നതിന് അനേകം മാൎഗ്ഗങ്ങൾ നിൎദ്ദേശിക്കുവാനുണ്ടെങ്കിലും അവയിൽ ചിലതുചൂണ്ടിക്കാണിക്കുന്നതിനുമാത്രമേ തല്ക്കാലം ഞാൻ ഉദ്ദേശിക്കുന്നുള്ളു.

* അടുത്തു പ്രസിദ്ധം ചെയ്യുന്ന ഒരു ഗ്രന്ഥത്തിലെ ഒരു ഭാഗം

അദ്ധ്യാപനത്തിൻെറ— ബോധനത്തിൻെറ വിജയം അതിൻെറ ഘടകങ്ങളുടെ സത്ഭാവത്തേയും ഐക്യത്തേയും ആശ്രയിച്ചിരിക്കുന്നു. ശിക്ഷാഘടകങ്ങളെക്കുറിച്ചു തൈത്തരീയോപനിഷത്തിൽ "ആചാര്യപൂർവ്വരൂപം, അന്തേവാസ്യുത്തരരൂപം, വിദ്യാസന്ധി, പ്രവചനം സന്ധാനം" എന്നു പറഞ്ഞുകാണുന്നു. ആചാര്യൻ (അദ്ധ്യാപകൻ) അന്തേവാസി (അദ്ധ്യേതാവ്) വിദ്യ(വിഷയം) പ്രവചനം(അദ്ധ്യാപനം) എന്നിങ്ങനെ നാലംശങ്ങളാണ് ഇതിൽകാണുന്നതു്. ദ്രാവിഡാചാര്യന്മാർ ഇവയ്ക്കുപുറമെ, അദ്ധ്യയനം കൂടി ചേർത്തു് അദ്ധ്യാപകൻ, അദ്ധ്യാപനം, അദ്ധ്യേതാവ്, അദ്ധ്യയനം, അദ്ധ്യേയം ഇങ്ങനെ അഞ്ചംശങ്ങളെ നിർദ്ദേശിക്കുന്നു. പാശ്ചാത്യന്മാർ അദ്ധ്യാപനത്തെ അദ്ധ്യാപകനിൽ ഉൾപ്പെടുത്തിയും അദ്ധ്യയനത്തെ അദ്ധ്യേതാവിൽ ഉൾപ്പെടുത്തിയും ഘടകങ്ങളുടെ എണ്ണം കുറക്കുന്നു. എണ്ണത്തിൽ കാണുന്ന ഈ വ്യത്യാസം നിസ്സാരമാണ്. എന്നാൽ ഈ ഘടകങ്ങളുടെ ഘടനയും ഐക്യതയും സഹകരണവുമാണു വിദ്യാഭ്യാസത്തിൻെറ—ശിക്ഷയുടെ അടിസ്ഥാനം. അദ്ധ്യാപകനു പരിചയമില്ലാത്തവിഷയമാണെങ്കിൽ അദ്ധ്യാപകനും വിഷയവുംതമ്മിൽ പൊരുത്തമുണ്ടായിരിക്കയില്ല. കുട്ടികൾക്കു മുന്നറിവും രസവും ഇല്ലാത്തവിഷയമാണെങ്കിൽ കുട്ടികളും വിഷയവും തമ്മിൽ പൊരുത്തമുണ്ടാകയില്ല. അദ്ധ്യേതാക്കൾ അദ്ധ്യാപകനോടു മതിപ്പും സ്നേഹവുമില്ലാതെ എതിർക്കയും അദ്ധ്യാപകനു കുട്ടികളെ ഭരിക്കാൻ ശേഷിയില്ലാതിരിക്കയുംചെയ്യുമ്പോൾ അദ്ധ്യാപകനും അദ്ധ്യേതാക്കൾക്കും തമ്മിൽ പൊരുത്തമില്ല. അദ്ധ്യാപകനു വിഷയജ്ഞാനവും ബോധനരീതികളിൽ പരിചയവും ഇല്ലെങ്കിൽ അദ്ധ്യാപകനും അദ്ധ്യാപനവും തമ്മിൽ പൊരുത്തംകാണുകയില്ല. ഏതെങ്കിലും ഒരു ഘടകത്തിനു ന്യൂനതയുണ്ടായിരിക്കയോ, ഘടകങ്ങൾക്ക് പരസ്പരം പൊരുത്തമില്ലാതിരിക്കയോചെയ്താൽ ബോധനം വിഫലമായിത്തീരുന്നതാണ്. അദ്ധ്യാപകൻെറ പ്രയത്നം—അദ്ധ്യാപനം, പരിപൂർണ്ണവിജയത്തിലെത്തുന്നതിന് അദ്ധ്യാപകൻെറയോ അദ്ധ്യാപനത്തിൻെറയോ നൈപുണ്യംകൊണ്ടുമാത്രം സാദ്ധ്യമല്ല. പ്രസ്തുത എല്ലാഘടകങ്ങളും ഫലദായകബന്ധങ്ങളിൽ ഇണങ്ങിച്ചേർന്നിരിക്കേണ്ടതാണ്. ഇത്രയും പീഠികയായി പ്രസ്താവിച്ചുകൊണ്ടു് ഇതിനുപരി ഘടകങ്ങളുടെ സ്വഭാവം സഹകരണം ഇവയെപ്പററി പ്രതിപാദിക്കുന്നു.

<u>അദ്ധ്യേതാവും അദ്ധ്യയനവും:—</u> അദ്ധ്യേതാവിൻെറ അഭാവത്തിൽ ശിക്ഷയുടെ ആവശ്യമേയില്ല. അതിനാൽ ശിക്ഷാകാര്യത്തിൽ അദ്ധ്യേതാവിനുള്ള പ്രാഥമ്യം അനുക്തസിദ്ധമാണ്. ജനസംഖ്യ കുറ

ഞ്ഞിരുന്ന പ്രാചീനകാലത്ത് ഇന്നത്തേപ്പോലെ സാമൂഹ്യമായ അദ്ധ്യയനം ഇല്ലായിരുന്നു. പൗരാണികകാലത്തു നടപ്പിലിരുന്നതു വ്യക്തിഗതമായ ബോധനമാണ്. വ്യക്തികളുടെ ജിജ്ഞാസയനുസരിച്ചുള്ള വിഷയങ്ങൾ അവരുടെ ഗ്രഹണധാരണശക്തികളനുസരിച്ചു പഠിച്ചിരുന്നു. വേണ്ടതും വേണ്ടാത്തതും ആയ വിഷയങ്ങളിൽ നിശ്ചിതഭാഗം മുഴുവനും മസ്തിഷ്കത്തിൽ കുത്തിക്കയററുന്ന പാഠപദ്ധതിസമ്പ്രദായം അന്നുണ്ടായിരുന്നില്ല. ജനസംഖ്യ വർദ്ധിച്ചപ്പോഴാണ് സാമൂഹ്യബോധനം, പാഠപദ്ധതി, ക്ലാസ്സുവിഭജനം ഇവയുടെയെല്ലാം ആവശ്യം നേരിട്ടത്. ഇന്നു ചരക്കിൻെറ ഗുണമല്ല; പട്ടികയുടെ ദൈർഘ്യമാണ് നോക്കുന്നത്. ആചാര്യന്മാരുടെ ആദർശം അങ്ങനെയല്ലായിരുന്നു. പിപ്പലാദിമഹർഷിയുടെ സന്നിധിയിൽ വിദ്യാഭ്യാസത്തിനു ചെന്ന ഭരദ്വാജപുത്രനായ സുകേശനോടും കാത്യപുത്രനായ കബന്ധിയോടും വിദർഭദേശീയനായ ഭാർഗ്ഗവനോടും ഗുരുവരുളിച്ചെയ്തതു് "തപസാബ്രഹ്മചര്യേണ ശ്രദ്ധയാ സംവത്സരം സംവത്സ്യഥ" എന്നാണ് ആചാര്യന്മാർ അന്തേവാസികളുമായി അടുത്തുപെരുമാറി അവരുടെ ചരക്കുകളെല്ലാം ഏകദേശം മനസ്സിലാക്കി, അവരുമായുള്ള സഹവാസസംഭാഷണങ്ങൾമൂലം, അവരുടെ അറിവിന് ഏറെക്കുറെ ഐകരൂപ്യം വരുത്തിയശേഷമേ, ശിക്ഷ ആരംഭിച്ചിരുന്നുള്ളു. ഇപ്പോൾ സാമൂഹ്യബോധനത്തിൻെറ കാര്യക്ഷമതയ്ക്കുവേണ്ടി നാം കുട്ടികളെ, വാർഷികപരിക്ഷയാകുന്ന അളവുകോലുകൊണ്ടളന്നു പല ക്ലാസ്സുകളിലായി തരം തിരിക്കുന്നുണ്ടെങ്കിലും ഒരേക്ലാസ്സിൽ ഒരേകാലത്ത് ഉത്തമനും അധമനും വാചാലനും മൗനിയും മന്ദനും നിസ്തന്ദ്രനും അണിനിരക്കുന്നു. വ്യക്തിവൈവിദ്ധ്യം മൂലമുള്ള ഈ വിഷമം പരിഹരിക്കാൻ അദ്ധ്യേതാക്കളുടെ സമ്പാദ്ജിതങ്ങളെ പൊതുമുതലാക്കാനുള്ള പ്രാരംഭസജ്ജീകരണം എല്ലാക്ലാസ്സിലും അത്യന്താപേക്ഷിതമാണ്. അദ്ധ്യേതാവു ജ്ഞാനം സമ്പാദിക്കുകയും, സന്മാർഗ്ഗനടപടികൾ പരിശീലിക്കുകയും, ഉത്തമാദർശങ്ങൾ സ്വീകരിക്കുകയും ചെയ്യുകയെന്നുള്ളതാണ് വിദ്യാഭ്യാസത്തിൻെറ ഉദ്ദേശ്യങ്ങൾ. ഈ ഉദ്ദേശ്യങ്ങൾ യഥാർത്ഥമായി സാധിക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ അദ്ധ്യാപകന്മാർ കൈക്കൊള്ളേണ്ടതാണ്.

<u>അദ്ധ്യാപകനും അദ്ധ്യേതാവും:—</u> ഒരു മഹാൻ അദ്ധ്യാപകനെ കൃഷിക്കാരനോടും വിദ്യാർത്ഥികളെ ചെടികളോടും ഉപമിച്ചിട്ടുണ്ട്. കർഷകൻ കളകൾ പറിച്ചുകളയുംപോലെ, ഗുരു, ശിഷ്യൻെറ വളർച്ചയ്ക്കു് ഹാനികരമായിരിക്കുന്ന പരിതസ്ഥിതികളെ ഹനിക്കയോ, ആ പരിതസ്ഥിതികളിൽനിന്നും ശിഷ്യനെ മാററുകയോ ചെയ്യേണ്ടതാണ്. സത്യധർമ്മാദികളിൽനിന്ന് അണുവും വ്യതിചലിക്കാതെ അദ്ധ്യേതാക്കൾ വളർന്നുവരുന്ന

തിനും, ബാലമനസ്സിനു കുറവുള്ള പൌഷ്ടികാംശങ്ങൾ ശരിയായി അളന്നു കൊടുക്കുന്നതിനും അദ്ധ്യാപകൻ ദത്തശ്രദ്ധനായിരിക്കണം. ഇപ്രകാരം വിദ്യാർത്ഥിമനസ്സാകുന്ന ചെടിയെ സശ്രദ്ധം, അദ്ധ്യാപകകർഷകൻ താലോലിച്ചുവളർത്തിയാൽ അതിൽനിന്നുണ്ടാകുന്ന സൽഗുണകുസുമങ്ങളുടെ സുഗന്ധപ്രസരം ലോകത്തിനു സുഖം നൽകാതിരിക്കുകയില്ല. എന്നാൽ ഇക്കാലത്തു പല അദ്ധ്യാപകന്മാരും രൂപാ ചക്രം കാശിനുവേണ്ടി നിർദ്ദിഷ്ടാശയങ്ങളെ വിദ്യാർത്ഥിമനസ്സാകുന്ന പത്തായത്തിലേക്കു് ഇട്ടുകൊടുക്കാനുള്ള ഒരു ഉപകരണമായി തങ്ങളെ കരുതുന്നു. ഈ വിചാരമാണു് ഗുരുശിഷ്യബന്ധത്തിനു ശൈഥില്യമുണ്ടാക്കിയതു്. പൌരാണികകാലത്തെ ഗുരുശിഷ്യബന്ധം എത്ര പവിത്രമായിരുന്നു. പരിപൂർണ്ണസ്നേഹത്തിന്റെയും, പരിശുദ്ധവിചാരങ്ങളുടേയും, വിജ്ഞാനസമ്പത്തിന്റെയും പ്രഭാപൂരം പ്രസരിക്കുന്ന ഗുരുമുഖം ദർശിക്കുന്നമാത്രയിൽ ശിഷ്യൻ നവചൈതന്യം ലഭിച്ചു ജിജ്ഞാസുവും ആനന്ദതുന്ദിലനുമായിത്തീരുന്നു. ഗുരുവിനോടുള്ള നിസ്സൂന്ദരമായ സ്നേഹാദരങ്ങൾ ശിഷ്യനു സ്വർഗ്ഗസുഖം നൽകുന്നു. ആധുനികകാലത്തെ ഗുരുശിഷ്യബന്ധശൈഥില്യത്തിന്റെ പ്രധാനകാരണം അദ്ധ്യാപകന്മാരുടെ അനർഹതയും വിദ്യാർത്ഥികളുടെ അപാത്രതയുമാണു്. അദ്ധ്യാപനവിജയം ഗുരുശിഷ്യബന്ധത്തെ സാരമായി സ്പർശിക്കുന്നതാകയാൽ അദ്ധ്യാപകന്മാർ വിദ്യാർത്ഥികളുടെ അഭിവൃദ്ധിയെ ലക്ഷ്യമാക്കി നിരന്തരം പരിശ്രമിക്കയും വിദ്യാലയത്തിനകത്തും പുറത്തും അവരെ നിയന്ത്രിക്കയും, അവരുടെ സ്നേഹസഹകരണങ്ങൾ ആർജ്ജിക്കയും ചെയ്തു ഗുരുശിഷ്യബന്ധം സുദൃഢമാക്കേണ്ടതാണു്.

അദ്ധ്യേയം അല്ലെങ്കിൽ വിഷയങ്ങൾ:— അദ്ധ്യേതാവു് പ്രപഞ്ചത്തെപ്പററിയും അതിനോടു തനിക്കുള്ള ബന്ധങ്ങളെക്കുറിച്ചും അറിവു സമ്പാദിച്ചാൽ പോരാ, ഈ ബന്ധങ്ങളിൽ ഏർപ്പെട്ടു സുഖംനേടുന്നതിനും പ്രശംസനീയമായ വിജയം കൈവരിക്കുന്നതിനും ശക്തനായിത്തീരണം. ഇതിനു് അടിസ്ഥാനമിടുകയാണു പ്രഥമക്ലാസ്സുകളിൽ ചെയ്യേണ്ടതു്. അതിനാൽ ജീവിതത്തിൽ നേരിടേണ്ടിവരുന്ന കാര്യങ്ങളിൽ സാമാന്യജ്ഞാനം നൽകുന്നതിനു് ആവശ്യമായ വിഷയങ്ങളും ഭാഗങ്ങളും പ്രാഥമികപാഠപദ്ധതിയിൽ ഉൾപ്പെടേണ്ടതാണു്. അതനുസരിച്ചാണു ഭാഷ, കണക്കു്, ചരിത്രം, ഭൂമിശാസ്ത്രം, ആരോഗ്യരക്ഷ, കൃഷിശാസ്ത്രം, തുടങ്ങിയ വിഷയങ്ങൾക്കു സ്ഥാനം ലഭിച്ചിരിക്കുന്നതു്. നിലവിലിരിക്കുന്ന പാഠപദ്ധതിയിൽ പല കുറവുകളും ഉണ്ടു്.

സംഗീതംകൂടി പാഠപദ്ധതിയിൽ നിർബന്ധിതമാക്കണം. നാട്ടുഭാഷാവിദ്യാലയങ്ങളിലുണ്ടായിരുന്ന കരനേത്രപരിശീലനം നിറുത്തിയതു നന്നായില്ല. ഇതിനുവേണ്ടി വളരെ പണം ചെലവുചെയ്തുകൊണ്ടിരുന്ന ഭൂതകാലചരിത്രം ഇതിന്റെ പ്രാധാന്യത്തിന് ഒരു തെളിവാണ്. ശിശുക്കളുടെ കണ്ണിനും കൈയ്ക്കും വാസനാനുസരണമായ പരിശീലനം നൽകി അവരുടെ പ്രവൃത്തിശക്തികളേയും ഭാവനാവിലാസത്തേയും സൗന്ദര്യബോധത്തേയും ഉത്തേജിപ്പിക്കുന്നതിന് ഈ വിഷയം അത്യന്തം സഹായകമാണ്. അതിനാൽ പ്രത്യേകപരിശീലനം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകന്മാരുള്ള നിലയ്ക്ക്, വിദ്യാർത്ഥികളുടെ നന്മയെക്കരുതി പ്രാഥമികവിദ്യാലയത്തിലെങ്കിലും വീണ്ടും ഏർപ്പെടുത്തുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. വേറേയും പല പരിഷ്ക്കാരങ്ങൾ പാഠപദ്ധതിയിൽ വരുത്താനുണ്ട്. പാഠപദ്ധതി പരിഷ്ക്കരിക്കുന്നതിനും പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനും മററും വിദഗ്ദ്ധാഭിപ്രായത്തിനർഹതയുള്ളവർ അതതു ക്ലാസ്സുകളിൽ വളരെക്കാലം പഠിപ്പിച്ചു പരിചയമുള്ള ഉത്തമാദ്ധ്യാപകന്മാരാണ്. ഇവരെ ഇക്കാര്യങ്ങളിലൊന്നും അശേഷം ബന്ധിപ്പിക്കാതെ മാററിനിർത്തിയിരിക്കുന്ന രാഷ്ട്രത്തിന്റെ നയം കേവലം ജുഗുപ്സാവഹമാണ്. യോഗ്യതയില്ലാത്ത അനവധി പുസ്തകങ്ങൾ കൊല്ലംതോറും ഓരോ ക്ലാസ്സിൽ വലിഞ്ഞുകയറുന്നുണ്ട്. ഇതുകൊണ്ടുള്ള പ്രയോജനം ചുരുക്കം ചിലരുടെ മടിശ്ശീലകൾക്കും ദോഷം രാജ്യത്തിനൊട്ടാകെയും അടുത്ത തലമുറയ്ക്കു കൂടിയുമാണ്. പാഠപദ്ധതിയിലെ അനർഹമായ ഭാഗങ്ങളും ചീത്ത പുസ്തകങ്ങളും പഠിപ്പിക്കുന്നതുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശങ്ങൾക്കുതന്നെ ഹാനിതട്ടുന്നുണ്ട്. അതിനാൽ സർവ്വീസിലിരിക്കുന്ന ഉത്തമാദ്ധ്യാപകന്മാർ ഒരു നവചൈതന്യം കൈക്കൊള്ളണം. തങ്ങളോളം പഠിപ്പില്ലാത്ത, എം. എൽ. എ. മാരും, എം. എൽ. സി. മാരും പ്രൂഷണംമൂലം കരസ്ഥമാക്കിയിരിക്കുന്നതും, തങ്ങൾക്കു ന്യായമായി കിട്ടേണ്ടതും ആയ അവകാശങ്ങൾ അക്ഷീണപരിശ്രമംചെയ്തു സമ്പാദിച്ചു കാലദേശാനുകൂലമായവിധം പാഠപദ്ധതി പരിഷ്ക്കരിക്കയും ഉത്തമഗ്രന്ഥങ്ങൾ പാഠപുസ്തകങ്ങളായി തിരഞ്ഞെടുക്കയും വേണം.

## II.

<u>അദ്ധ്യാപകനും അദ്ധ്യാപനവും:-</u> ആരാണ് അദ്ധ്യാപകൻ? പുരാണപ്രസിദ്ധമല്ലേ ആചാര്യശബ്ദം. പൂജ്യപാദരായ ആചാര്യശ്രേഷ്ഠന്മാരുടെ കാലടികളെ പിൻതുടരുന്നവനാണ് അദ്ധ്യാപകൻ. മണിമേടകളേയും, പട്ടുമെത്തകളേയും ശഷ്പസമാനം പരിത്യജിച്ച അവരുടെ മഹൽ

ത്യാഗമായിരിക്കണം നമ്മുടെ ആദർശം. കുചേലബാലനേയും പ്രഭുപുത്രനേയും സമസംവീക്ഷണം ചെയ്യുന്ന ഭാവനാചതുരനാണദ്ധ്യാപകൻ. അദ്ധ്യാപകമന്ത്രണം ജീവിതസംഗീതമാണ്. അഖണ്ഡമായ ബ്രഹ്മാണ്ഡത്തിൽ പൂവിലും പൂനിലാവിലും, പുല്ലിലും കല്ലിലും മഴവില്ലിലും, വഴിഞ്ഞൊഴുകുന്ന അഴകിൽ മുഴുകി പ്രകൃതിസൗന്ദര്യം ആസ്വദിക്കുന്ന സഹൃദയനാണദ്ധ്യാപകൻ. തന്റെ പ്രവൃത്തിരംഗം പ്രസരിപ്പും, പ്രസന്നതയും, ജിജ്ഞാസയും, കുസൃതിയും കുടികൊള്ളുന്ന ബാലഹൃദയങ്ങൾ. പിഞ്ചുപൈതങ്ങളുടെ പുഞ്ചിരിക്കൊഞ്ചലിൽ അകമലിഞ്ഞു ലയിക്കുന്ന കലാകാരനാണദ്ധ്യാപകൻ. തന്റെ ധർമ്മം ലോകസേവനമാണ്. തന്റെ കർമ്മം ഈശപാദാരാധനമാണ്. നിഷ്കളങ്കമായ ചൈതന്യവും ഊർജ്ജസ്വലമായ ഉന്മേഷവും ഉള്ള സജീവവിഗ്രഹങ്ങളാണ് തന്റെ അർച്ചനാപാത്രങ്ങൾ. തന്റെ ഉപാസനയാണദ്ധ്യാപനം.

അദ്ധ്യാപനത്തിന് എപ്പോഴും ഉൽകൃഷ്ടമായ ലക്ഷ്യമുണ്ടായിരിക്കണം. ശിഷ്യന്മാർ ലക്ഷ്യത്തെ പ്രാപിച്ചു കൃതകൃത്യരാകേണ്ടതിനു ചുമതലക്കാരൻ അദ്ധ്യാപകനാണ്. അദ്ധ്യാപനത്തിന്റെ പൊതുവായ ലക്ഷ്യം ശക്തിവികസനമാകയാൽ, കായികമാനസികസാന്മാർഗ്ഗികശക്തികൾ വികസിക്കയും ജീവിതവിജയം നേടുന്നതിനു പര്യാപ്തമായ പരിശീലനം സമ്പാദിക്കുകയും ചെയ്യുന്നതിന് അദ്ധ്യാപകൻ ശിഷ്യന്മാരെ സഹായിക്കണം. വരമൊഴിയേയും വാമൊഴിയേയും യഥാവിധി കൈയ്യാളിക്കുന്നതിനുള്ള നൈപുണ്യവും സാഹിത്യാഭിരുചിയും ലഭിക്കുക എന്നതു് ഭാഷാദ്ധ്യാപനത്തിന്റെ പ്രത്യേക ലക്ഷ്യമായിരിക്കണം. വരവറിഞ്ഞു ചെലവുചെയ്ക, സ്വന്ത കാര്യ്യങ്ങളും പൊതുക്കാര്യ്യങ്ങളും നടത്തുന്നതിൽ നഷ്ടംവരാതെയും കടംവരാതെയും സൂക്ഷിക്കുക. മിതമായി ചെലവുചെയ്തു ഹിതമായി ജീവിക്കുക. ഇവയെല്ലാം ഗണിതാദ്ധ്യാപനത്തിന്റെ പ്രത്യേകലക്ഷ്യമായിരിക്കണം. ഇങ്ങനെ ഏതുവിഷയം പഠിപ്പിക്കുമ്പോഴും പൊതുലക്ഷ്യത്തിൽ അടങ്ങി, പ്രത്യേക ഉദ്ദേശ്യങ്ങൾ സാധിക്കേണ്ടതാകുന്നു. നേരേമറിച്ചു വിദ്യാർത്ഥികൾ ചില പുസ്തകങ്ങൾ വായിച്ചതുകൊണ്ടോ, കുറെ കഠിനപദങ്ങളുടെ അർത്ഥം പറഞ്ഞതുകൊണ്ടോ, ചില സംഖ്യകൾ കൂട്ടാനും കുറയ്ക്കാനും പഠിച്ചതുകൊണ്ടോ, ശിക്ഷാലക്ഷ്യമായ ശക്തിവികസനം സിദ്ധിച്ചതായി വിചാരിക്കാൻ പാടില്ല. ബാലന്മാരെ—ഭാവിപൌരന്മാരെ കേവലം സ്വനഗ്രാഹികളാക്കിത്തീർക്കാതെ, വിവിധകാര്യ്യങ്ങളിൽ ബുദ്ധിപൂർവ്വകമായ ജ്ഞാനം സമ്പാദിക്കത്തക്കവണ്ണം അവ ലോകനന്മപ്രതിപാദനകാര്യങ്ങളിൽ പരിശീലിപ്പിക്കയും ചിന്താശീലം പോഷിപ്പിച്ചു സ്വയംപഠനത്തി

ന പ്രേരിപ്പിക്കയും ലബ്ധജ്ഞാനത്തിൻെറ ക്ഷുദ്രത ഗ്രഹിപ്പിച്ച് ഉപര്യുപരിജ്ഞാനസമ്പാദനത്തിനുത്സാഹിപ്പിക്കയും മാർഗ്ഗമദ്ധ്യേ നേരിടുന്ന വിഷമങ്ങളെ വിജയകരമായി തരണംചെയ്യുന്നതിന്ന ശേഷിമാന്മാരാക്കയും ചെയ്യേണ്ടതാണ്.

മേൽപറഞ്ഞ കാര്യങ്ങളെല്ലാം ശരിയായി നിർവ്വഹിക്കുന്നതിന് അദ്ധ്യാപകനു പല യോഗ്യതകളും ആവശ്യമാണ്. ആരോഗ്യമില്ലാത്തവർക്ക് ഒരു വേലയും ശരിയായി ചെയ്യാൻ സാധിക്കുകയില്ല. "ശരീരമാദ്യം ഖലു ധർമ്മസാധനം" "ദൃഢഗാത്രത്തിൽ ദൃഢബുദ്ധി" ഇത്യാദി ആപ്തവാക്യങ്ങൾ ചിന്തനീയമത്രെ. അദ്ധ്യാപനം വിജയശ്രീലാളിതമാക്കിത്തീർക്കുന്ന പ്രസന്നത, ഉന്മേഷം, ഊർജ്ജസ്വലത, നിസ്തന്ദ്രപരിശ്രമം ഇവയെല്ലാം ആരോഗ്യത്തിൻെറ സന്താനങ്ങളാണ്. മണിവീണാകപാണംപോലുള്ള മധുരമായ ശബ്ദവും മന്ദഹാസവും ആരെയാണാകർഷിക്കാത്തതു്. അതിനാൽ അദ്ധ്യാപകൻ അരോഗദൃഢഗാത്രനായിരിക്കേണ്ടതാണ്.

വിദ്യാർത്ഥിമനസ്സിനെ പണിയുന്ന ഗുരുവരന് മാനസികമായ യോഗ്യതവേണമെന്നു പറയേണ്ടതില്ലല്ലോ. ബോധനം കാര്യക്ഷമമായി ഫലിപ്പിക്കുന്നതിനും, ശിഷ്യന്മാരുടെ സംശയങ്ങൾക്ക് ഉടനടൻ സമാധാനം നൽകുന്നതിനും പാണ്ഡിത്യം അത്യാവശ്യമാണ്. പാഠവിഷയത്തിലും, അതിനോടു സംബന്ധപ്പെട്ടതിലും, പരിതസ്ഥിതികളിലും അദ്ധ്യാപകനു ശരിയായ അറിവുണ്ടായിരിക്കണം. ഉത്തമഗ്രന്ഥങ്ങളും പത്രമാസികകളും വായിച്ചു ജ്ഞാനവൈപുല്യവും സത്സ്വഭാവവും വരുത്തിക്കൊണ്ടിരിക്കേണ്ടതാണ്. മനശ്ശക്തികളെ പോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, മനസ്സിൻെറ വിവിധപരിണാമങ്ങൾ, മനസ്സിനെ ആകർഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, മുതലായവ ശരിയായി അറിഞ്ഞു നടത്തുന്ന അദ്ധ്യാപനമേ സഫലമാകയൊള്ളൂ. വിദ്യാർത്ഥികളുടെ നിലയിൽ വിഷയങ്ങളെ ദർശിക്കുന്നതിനും അവരുടെ പ്രയാസങ്ങൾ ഗ്രഹിക്കുന്നതിനും, അദ്ധ്യാപനമദ്ധ്യേ നേരിടുന്ന വിഷമങ്ങളെ സന്ദർഭാനുസരണംവിജയകരമായി തരണംചെയ്യുന്നതിനും ജ്ഞാനശകലങ്ങൾ കുട്ടികളുടെ ശക്തിക്കനുസരിച്ചു ദഹിക്കത്തക്കവിധം പാകപ്പെടുത്തി മാത്ര ക്രമപ്പെടുത്തിക്കൊടുക്കുന്നതിനും മനശ്ശാസ്ത്രജ്ഞാനം അദ്ധ്യാപകനത്യാവശ്യമാണ്. ഒരിക്കൽ ഒരദ്ധ്യാപകൻ ഒന്നാംക്ലാസ്സിൽ വേദം എന്ന വാക്കു പഠിപ്പിക്കാൻ 4 വേദങ്ങളെപ്പററിയും 6 ശാസ്ത്രങ്ങളെക്കുറിച്ചും പ്രസംഗിച്ചതും, ചില അദ്ധ്യാപകന്മാർ പ്രൈമറിക്ലാസ്സിലെ കുട്ടികളോടു ഗീർവ്വാണത്തിൽ മാത്രം സംസാരിക്കുന്നതും മനശ്ശാസ്ത്രജ്ഞാനമില്ലാഞ്ഞിട്ടാണ്. ക്ലാസ്സിൻെറ നിലയ

നുസരിച്ചു മാത്രമേ ഭാഷയ്ക്കു പ്രൗഢിയുണ്ടാക്കാവൂ. സംഭാഷണചാതുര്യം അദ്ധ്യാപകനു ഭൂഷണമാണ്. ചില അദ്ധ്യാപകന്മാർ തന്മയത്വമായി കഥ പറയുന്നതു കേൾക്കാൻ കുട്ടികൾക്കു മാത്രമല്ല, എല്ലാവർക്കും വളരെ രസമാണ്. പാഠം രസപ്രദമാക്കാനും കുട്ടികളെ ആകർഷിക്കാനും വാഗ്മിത്വം ആയുധമാണെങ്കിലും അദ്ധ്യാപനത്തിൽ അതു് അമിതമായിപ്പോകാതെ സൂക്ഷിക്കണം. "മിതം ച സാരം ച വചോഹി വാഗ്മിതഃ" എന്നാണല്ലോ പ്രമാണം. ചില അദ്ധ്യാപകന്മാർക്കു വളച്ചുകെട്ടു വളരെ ഇഷ്ടമാണ്. മററു ചിലർക്കു ഗൂഢാർത്ഥവും അലങ്കാരവും ഇല്ലെങ്കിൽ തീരെ തൃപ്തിയില്ല. ഇതെല്ലാം അനാവശ്യമാണ്. ഒരിക്കൽ പോർച്ചട്ടയും വാളും ധരിച്ചു വീരരസം ഉടൽപൂണ്ടപോലെ രണാങ്കണത്തിലേയ്ക്കു പോകുന്ന ഒരു യോദ്ധാവിനെ വർണ്ണിക്കുന്നതു കേട്ടിട്ടു്, വിവാഹത്തിനായി വേഷവിശേഷങ്ങളണിഞ്ഞു പോകുന്ന ശൃംഗാരിയായ ഒരു പച്ചക്കാമുകനാണെന്നു തോന്നിപ്പോയി. അലങ്കാരമോടികളിൽ ഭ്രമിക്കുന്നവർ കുഴപ്പങ്ങളിൽ ചാടാതെ സൂക്ഷിക്കണം. കുട്ടികളുടെ ശക്തിക്കനുസരണമായ ഭാഷയിൽ തെററില്ലാതെ ഉച്ചാരണശുദ്ധിയോടുകൂടി സംഭാഷണം നടത്തിയാൽ മതിയാകും.

അദ്ധ്യാപകന്മാരുടെ വ്യക്തിമാഹാത്മ്യവും ഭരണശേഷിയും അദ്ധ്യാപനവിജയത്തിനനുപേക്ഷണീയമാണ്. അന്തസ്സും ഗൌരവവും കലർന്ന ശാന്തത, ശബ്ദം, നോട്ടം, വസ്ത്രധാരണം ഇവയിലെല്ലാം ശ്രദ്ധിക്കണം. കുട്ടികളെ പുത്രനിർവിശേഷമായി സ്നേഹിക്കയും അവരുടെ പ്രയാസങ്ങളിൽ അനുകമ്പ പ്രദർശിപ്പിക്കയും പരിപൂർണ്ണമായി സഹകരിക്കയും ചെയ്യുന്നതിനുള്ള ഹൃദയവിശാലത വേണം. കുട്ടികൾക്കു ചില തെററു പററിയാൽ അക്ഷമ കാണിക്കയും കോപിക്കയും പരിഹസിക്കയും ചെയ്യുന്നതു നന്നല്ല. അല്പം തെററിപ്പോയി ആലോചിച്ചില്ല എന്നോ മറേറാ പറഞ്ഞുത്സാഹിപ്പിക്കയല്ലാതെ, മഠയശിരോമണി, മരത്തലയൻ, പിണ്ണാക്കുമാടൻ, കഴുത എന്നും മററും പരിഹസിക്കുന്നതു് ശക്തിവികസനത്തിനു ബാധകമാണ്. ഒററനോട്ടംകൊണ്ടു് ക്ലാസ്സ് ഒന്നടങ്കം ഭരിക്കാനുള്ള ശേഷി അദ്ധ്യാപകനുണ്ടായിരിക്കണം. എന്നാൽ പരിചയം കുറഞ്ഞ ചില അദ്ധ്യാപകന്മാർ അറിവില്ലായ്മയും സഭാകമ്പവും മററുംകൊണ്ടു കുട്ടികളുടെ മുൻപാകെ നിസ്സാരന്മാരായിത്തീരുന്നു. കുട്ടികളുടെ അഭിമാനം ഹനിക്കാതെ അവർക്കു ന്യായമായ സ്വാതന്ത്ര്യം നൽകി സദാ ജോലി കൊടുത്തും ഗുണമാത്സര്യം പോഷിപ്പിച്ചും അവരുടെ മതിപ്പും സ്നേഹവും ആർജ്ജിച്ചും ക്ലാസ്സിന്റെ സമാദ്ധ്യക്ഷ്യം വഹിച്ചു ഭരണം നടത്തുന്നവനാണുത്തമാദ്ധ്യാപകൻ.

കുട്ടികൾ അനുകരണാസക്തരാകയാൽ അവർ എല്ലാകാര്യങ്ങളിലും അദ്ധ്യാപകനെ അനുകരിക്കും. അതിനാൽ അദ്ധ്യാപകൻ സകല

കാര്യങ്ങളിലും വിദ്യാർത്ഥികൾക്കു മാതൃകയായിരിക്കണം. സത്യം, സ്നേഹം, മര്യാദ, നീതി, വിനയം, വിശ്വാസം, ക്ഷമ, അനുകമ്പ, സ്ഥിരത, സ്വാശ്രയം, സമഭാവന, ത്യാഗം, മുതലായ ഉത്തമസ്വഭാവങ്ങൾക്ക് അദ്ധ്യാപകൻ വിളനിലമായിരിക്കേണ്ടതാണ്. കുട്ടികളുടെ വിദ്യാലയത്തിനു പുറമേയുള്ള ജീവിതസമ്പ്രദായങ്ങളിൽ ശ്രദ്ധിക്കയും പഠനത്തിലും സ്വഭാവരൂപീകരണത്തിലും വേണ്ട ഉപദേശങ്ങൾ നൽകയും ചെയ്യണം. കുട്ടികളുടെ കുറവുകൾ അപ്പോഴപ്പോൾ മനസ്സിലാക്കി ഇങ്ങനെ ചെയ്യുന്ന അദ്ധ്യാപകന്മാർക്കു രക്ഷാകർത്തൃസഹകരണം ലഭിക്കാതിരിക്കയില്ല. അദ്ധ്യാപനവിജയത്തിനും അദ്ധ്യാപകൻെറ മതിപ്പിനും വിദ്യാലയത്തിൻെറ അഭിവൃദ്ധിക്കും രക്ഷാകർത്തൃസഹകരണം പ്രയോജനകരമാണ്. പാഠപദ്ധതിക്കു പുറമെ വാർഷികമീററിംഗുകളും, സ്കൂൾദിനാഘോഷങ്ങളും, വിദ്യാഭ്യാസപ്രദർശനങ്ങളുംമററും നടത്തി ഈ സഹകരണം സമ്പാദിക്കുന്നതിനും അദ്ധ്യേതാക്കൾക്കു പ്രായോഗികജീവിതപരിശീലനം നൽകുന്നതിനും അദ്ധ്യാപകപൗരന്മാർ ബദ്ധകങ്കണന്മാരായിത്തീരണം.

ഇവയ്ക്കുപുറമെ ബോധനാരീതികളെപ്പററിയുള്ള ജ്ഞാനവും, പാഠസജ്ജീകരണവും സാഹചര്യങ്ങളുടെ ആനുകൂല്യവും, അദ്ധ്യാപനവിജയത്തിന് അത്യന്താപേക്ഷിതമാകുന്നു. കുറെ ആളുകളിരിക്കുന്ന ഒരു മുറിയിലേയ്ക്ക് വെളിക്കുനിന്ന് ഒരാൾ കടന്നുവന്നാൽ അയാൾക്കു പരിചയക്കാരാരുംഅവിടെയില്ലെങ്കിൽ ഒരു പരിഭ്രമമായിരിക്കും. എവിടെയെങ്കിലും ഇരുന്നാൽതന്നെയും ഇരിപ്പുറയ്ക്കാതെ വെളിയിലേയ്ക്കുപോകും. നേരെമറിച്ചു പരിചയക്കാരായി ആരെങ്കിലും ഉണ്ടെങ്കിൽ അയാളുടെ അടുത്തു ചെന്നിരുന്നു സംസാരിക്കയും മററുള്ളവരെ പരിചയപ്പെടുകയും ചെയ്യുമല്ലോ. ഇതുപോലെയാണു മനസ്സിലേക്കു പ്രവേശിക്കുന്ന പുതിയ ആശയങ്ങളുടേയും സ്ഥിതി. അതുകൊണ്ടാണു മുന്നറിവിനോടു ഘടിപ്പിച്ചു, പഠിപ്പിക്കണമെന്നു സിദ്ധാന്തിക്കുന്നതു്. അറിയാവുന്നതിൽനിന്നു അറിയാൻപാടില്ലാത്തതിലേയ്ക്ക്, ലഘുവിൽനിന്നു ഗുരുവിലേയ്ക്ക്, പ്രത്യക്ഷത്തിൽനിന്നു അപ്രത്യക്ഷത്തിലേയ്ക്ക്, ദൃഷ്ടാന്തത്തിൽനിന്നു പ്രമാണത്തിലേയ്ക്ക്, എന്നിങ്ങനെ മനശ്ശാസ്ത്രപണ്ഡിതന്മാർ കണ്ടുപിടിച്ചിട്ടുള്ള ബോധനാപ്രമാണങ്ങളെ മുൻനിർത്തി, സന്ദർഭോചിതമായ അദ്ധ്യാപനരീതികളോടു സംഘടിപ്പിച്ചു, മുൻകൂട്ടി പാഠം സജ്ജീകരിക്കണം. പ്രശ്നോത്തരരീതി, പ്രസംഗരീതി ഇവയ്ക്കു പുറമെ ആധുനികകാലത്തു പ്രയോഗത്തിലിരിക്കുന്ന മോണ്ടിസോറി, കിൻറർഗാട്ടൻ, പ്രോജക്ട്, ഡാൽട്ടൻ മുതലായ നവീനാദ്ധ്യാപനരീതികൾകൂടി നാം മനസ്സിലാക്കിയിരുന്നാൽ അവസരോചിതം ചേരുന്നതു സ്വീകരിച്ചു കാര്യം നേടാം.

എല്ലാപാഠങ്ങളിലും പ്രധാനപ്രധാനാംശങ്ങളെപ്പററി ചിന്തിച്ചു ദ്ര വ്യക്രമീകരണം വരുത്തിയശേഷം പാഠപ്രദൾനത്തിനുത്തമമായ പ്ലാനും രീതികളും നിശ്ചയിച്ചു പാഠക്കുറിപ്പു തയാറാക്കണം. നവീനാശയങ്ങളോടു ബന്ധമുള്ള പൂൎവ്വാശയങ്ങളെ ഉണൎത്തത്തക്കവിധം ശരിയായ ഒരു പ്രാരംഭം കണ്ടുപിടിക്കയും, ഉദ്ദേശം ക്ലിപ്തമായും വ്യക്തമായും പ്രസ്താവിക്കയും, പുതിയപാഠം സുവ്യക്തമായി പ്രദൎശിപ്പിക്കയും, വാക്കുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ പടങ്ങളും സ്കെച്ചുകളും മാതൃകകളും സാധനങ്ങളും മററും യഥാവസരം ഉപയോഗിച്ചു പഞ്ചേന്ദ്രിയപരിശീലനത്തിനു സൗകൎയ്യം നൽകി ശരിയായ ധാരണയുണ്ടാക്കയും, സംബന്ധിതകാൎയ്യങ്ങളോടും വിഷയങ്ങളോടും ഉചിതമായി സംഘടിപ്പിച്ചു ജ്ഞാനത്തിനു വിശാലത വരുത്തുകയും, ഒടുവിൽ നവീനാശയങ്ങളേയും പൂൎവ്വാശയങ്ങളേയും കൂട്ടിയിണക്കി അനുമാനത്തിൽ—തീരുമാനത്തിൽ എത്തിക്കയും, അപ്രകാരം ധാരണ ദൃഢപ്പെടുത്തുകയും ചെയ്യേണ്ടതാണു്.

സാഹചൎയ്യങ്ങളുടെ ആനുകൂല്യം അദ്ധ്യാപനത്തിന് എപ്പോഴും സഹായകമാണ്. ആകൎഷണീയമായ പാഠശാല, ശരിയായ ക്ലാസ്സുവിഭജനം, സമൎത്ഥന്മാരായ അദ്ധ്യാപകന്മാർ, ഉത്തമമായ ടൈംടേബിൾ, വെളിച്ചവും ശുദ്ധവായുവും കിട്ടുന്ന വിസ്താരമുള്ള ക്ലാസ്സുമുറികൾ, ആവശ്യമായ അകസാമാനങ്ങൾ, ബോധനത്തിനുവേണ്ട ഉപകരണങ്ങൾ, കളിസ്ഥലങ്ങൾ, ആരോഗ്യപരമായ പരിസരങ്ങൾ ഇവയെല്ലാം അദ്ധ്യാപനം വിജയത്തിലെത്തിക്കുന്നവയാണു്.

ഇപ്രകാരം ഉത്തമ സാഹചൎയ്യങ്ങൾ സൃഷ്ടിച്ചു് അവയുടെ മദ്ധ്യേ നിന്നുകൊണ്ടു് ഉത്തരവാദിത്വത്തോടും കൃത്യനിഷ്ഠയോടുംകൂടി ചെയ്യേണ്ട മഹനീയ സേവനമത്രെ അദ്ധ്യാപനം. മഹാകവി കുമാരനാശാൻ ഈ നാട്ടിലെ അദ്ധ്യാപകന്മാരോടു പറഞ്ഞിട്ടുള്ളതു് വിസ്മരിക്കരുതു്.

"ഭാവിയാം വഞ്ചിരാജ്യം സൃഷ്ടിചെയ്യുവാനുള്ള
കേവലമായമണ്ണു നിങ്ങളെയേല്പിക്കുന്നു
ഭംഗിതാൻ വൈരൂപ്യംതാൻ ആ ശില്പത്തിനു ഭവ-
ദംഗുലീവ്യാപാരത്തെ യാശ്രയിച്ചിരിക്കും മേൽ"

ഭാവിരാഷ്ട്രസൃഷ്ടിക്കുവേണ്ടി സമൎത്ഥമായ കൃത്യനിൎവ്വഹണം നടത്തി കൃതകൃത്യതയടയേണ്ട അദ്ധ്യാപകവൃത്തി യോഗ്യതയുള്ളവരും ഇല്ലാത്തവരും കരസ്ഥമാക്കിക്കഴിഞ്ഞിരിക്കുന്നു. വാസനാസമ്പന്നരായ ഉത്തമാദ്ധ്യാപകന്മാരും പരിശ്രമസമൎത്ഥരായ മദ്ധ്യമാദ്ധ്യാപകന്മാരും ലോകത്തിനു നന്മ

ചെയ്യുമ്പോഠം, കേവലം കൂലിക്കുവേണ്ടിമാത്രം വേലചെയ്യുന്ന മൂന്നാമതൊരുക്കൂട്ടം അധമാദ്ധ്യാപകന്മാർ വേണ്ടാത്ത നാശങ്ങളെല്ലാമുണ്ടാക്കുന്നുണ്ട്. ഉത്തമമദ്ധ്യമന്മാർ വിദ്യാൎത്ഥിമനസ്സിൽ വിജ്ഞാനരത്നങ്ങഠം നിറക്കുന്നു. അവർ, "വിദ്യാൎത്ഥി മസ്തിഷ്ക സ്വൎണ്ണത്താമ്പാളത്തിൽ വിജ്ഞാനരത്നം നിറച്ചിട്ടുന്നു." അധമന്മാരാകട്ടെ വിദ്യാൎത്ഥിമനസ്സിൽ ചേർ വാരിത്തേയ്ക്കുന്നു. അതെ;

"വിദ്യാൎത്ഥിമാനസ വെള്ളിത്തളികയിൽ
ചേർ വാരിത്തേയ്ക്കുന്നിക്കൂട്ടർ നിത്യം"

ഈ കൂട്ടർ വയർപിഴപ്പിനായി വാദ്ധ്യാരായവരാണ്. "അദ്ധ്യാപനം വെറും വയർ ..:....... അദ്ധ്യാപകവൃത്തി വിട്ടു മററുതൊഴിലിൽ പ്രവേശിക്കുന്നതു് അവൎക്കും രാജ്യത്തിനും നന്മയായിരിക്കും.

നമ്മുടെ നാട്ടുഭാഷാദ്ധ്യാപകന്മാരുടെ സാമ്പത്തികസ്ഥിതി വളരെ പരിതാപകരമാണ്. ദാരിദ്ര്യദേവതയുടെ കരാളാട്ടഹാസങ്ങളിൽ ഞെട്ടിവിറച്ചു്, എരിഞ്ഞും പൊരിഞ്ഞും, അലഞ്ഞും വലഞ്ഞും, അഴലിൻെറ നിഴലിൽ ജീവിക്കുന്ന നമ്മുടെ ദയനീയമായ അവസ്ഥയ്ക്കു പരിഹാരമുണ്ടാക്കുവാൻ നാം ഏകോപിച്ചു് സംഘടിച്ചു്, നിയമപരിധിയെ ലംഘിക്കാതെ വ്യവസ്ഥാപിതമാൎഗ്ഗങ്ങളിൽക്കൂടി ഉദ്ദിഷ്ടസ്ഥാനത്ത് എത്തിച്ചേരുന്നതിനു നിസ്തന്ദ്രമായി പരിശ്രമിക്കണമെന്നപേക്ഷിച്ചുകൊണ്ടും ആയതിനു സൎവ്വാന്തൎയ്യാമിയായ ജഗന്നിയന്താവിൻെറ അനുഗ്രഹം ഉണ്ടാകട്ടെ എന്നു പ്രാൎത്ഥിച്ചുകൊണ്ടും വിരമിക്കുന്നു.

## ഗുരുസമക്ഷം

(കെ. കാത്ത്യായനിഅമ്മ, അദ്ധ്യാപിക, പുനലൂർ.)

[ പാന. ]

പുണ്യപൂരുഷ, മൽഗുരോ,ശിഷ്യയാ-
യെണ്ണിയെന്നിൽ കനിയാൻ തൊഴുന്നിതാ.
വൎണ്ണനീയ വിശിഷ്ട വിഭവ സം-
പൂൎണ്ണ ഗോപാലകൃഷ്ണ, ജയ ജയ.

മൽഗുരൊ, തവ വിജ്ഞാനഭണ്ഡാര-
ഭദ്രനാണയത്തിങ്കലീയൊന്നുഞാൻ.

താവകാന്തരാത്മാവിൻ പ്രകാശത്താൽ
ഞാനൊരു ചെറു മിന്നാമിനുങ്ങായി.

താവകകൃപാ സാഗര വീചിക-
ളുതിർത്ത കുമിളയിലൊന്നിവൾ.

ലോകദർശനെ താവകഹാസത്തിൽ
ദ്യോതിക്കുമൊരു മിന്നാമിനുങ്ങിവൾ.

താവകാത്മാഭിരാമ മലർവാടി
വാരിവർഷിച്ച പൂക്കളിലൊന്നിവൾ.

നിത്യസത്യമാമദ്ധ്യാപകവൃത്തി
കൃത്യവായ്യൊട്ട സാധിച്ചസൽഗുരൊ,

വിശ്രമിച്ചു വിജയിപ്പതിന്നായി
കാപ്പുകെട്ടിയ കാരുണ്യവാരിധെ,

ഏഴയാമിവളെങ്ങനെയങ്ങേയ്ക്കു
കോഴതീർന്നനമോദനമർപ്പിപ്പൂ.

ഈശശാസനമാം ധർമ്മസൂനങ്ങൾ
ശാശ്വതാനന്ദസന്ദായസൂക്തികൾ
മംഗളാശംസയാം മഞ്ജുമാല്യങ്ങൾ
അങ്ങുഭക്തിയോടർപ്പിച്ചുമുന്നമെ.

താണുവീണുഞാൻ കേണപേക്ഷിപ്പതെൻ
പ്രാണബന്ധുരബന്ധൊ, ഗുരുവര,
താവക ചരണാരവിന്ദങ്ങളിൽ
കാണിക്കനേരമെൻ കണ്ണിണയർപ്പിക്കാൻ
കല്പനയ്ക്കീതാ കാക്കുന്നു; എങ്കിലാ-
കല്പകാലംഞാൻ ധന്യയാം നിശ്ചയം.

പങ്കിലമാകുമെന്നുള്ള ശങ്കയൊ
തങ്കക്കാലതിന്നില്ലവകാശമെ,
അങ്ങുസംസ്കരിച്ചുള്ള കണ്ണീർകണം
അങ്ങിൽമംഗലമല്ലാതെ ചേക്കുമോ?

ആത്മഭാസ്സിനാൽ ഭൗതികസമ്പത്താൽ
ഭാഗ്യവാരാശിയാമെൻഗുരുവരൻ

ആയുരാരോഗ്യഭാഗ്യാദിസൌഖ്യങ്ങൾ
ഭൂരിഭൂതിയോടാൻജയിക്കുവാൻ

കൈതൊഴുന്നു ഞാൻ; കൈവല്യദായകൻ
കൈവളത്തിടും കല്യാണമെൻഗുരോ.

# ഗോവധം

(ചില ചിന്തകൾ.)

[ആർ. ഈശ്വരപിള്ള ബി. ഏ.]

തിരുവിതാംകൂർ പുരാതനകാലംമുതൽക്കെ ഒരു ഹിന്ദുരാജാവിനാൽ ഭരിക്കപ്പെട്ടുപോരുന്നതാണു്. ഇവിടെ ഗോവധം പാടില്ലെന്നു് ഒരു നിയമവും ഉണ്ടായിരുന്നു. ഗോക്കളേയും ബ്രാഹ്മണരേയും ഒരുപോലെയാണു ഗണിച്ചുവന്നിരുന്നതു്. എന്നാൽ പശുക്കളുടെ കാര്യത്തിൽ കാലക്രമം കൊണ്ടു് ഈ നിയമം തേഞ്ഞുമാഞ്ഞുപോയി. രണ്ടാമത്തെ വർഗ്ഗക്കാരുടെ വിഷയത്തിൽ നിയമസൃഷ്ടിമൂലം അതു നിലനിന്നും വരുന്നു. ഇങ്ങനെ സംഭവിച്ചതിനു പല കാരണങ്ങളും ഉണ്ടായിരിക്കാം. അവയിൽ ഒന്നു ഗോക്കളുടെ കാര്യം വാദിക്കുന്നതിനാരും ഇല്ലായിരുന്നുവെന്നുള്ളതുതന്നെയാണു്. ഇപ്പോൾ പറയാൻ ആളുണ്ടായാലും കേൾക്കാനാളില്ലാതെയാണു തീർന്നിരിക്കുന്നതു്. ഏതായാലും വധത്തിനനുകൂലികളാണു് അധികമെന്നു ചില നടപടിയിൽനിന്നും വ്യക്തമാകുന്നുണ്ടു്. മനുഷ്യർ പരിഷ്കാരം വർദ്ധിച്ചു വരികയാണെന്നുള്ള അഭിപ്രായം വിച്ഛേദനത്തിനുള്ള ഒരു കഠാരംതന്നെയാണെന്നു പറയേണ്ടിയിരിക്കുന്നു. "അഹിംസാപരമോധർമ്മഃ" എന്നുള്ള ഭാരതീയരുടെ ഉൽകൃഷ്ടമായ ആദർശം പോയ പോക്കു് നോക്കുക! ഗോവധാനുകൂലികളുടെ യുക്തികളും മററും വിശേഷംതന്നെ. മലടികളെമാത്രമാണു പോലും കൊല്ലുന്നതു്. ഇവയ്ക്കു തീററികൊടുത്തു രക്ഷിക്കുന്നതു ധനദുർവ്യയമാണത്രേ! ഈ വിധമുള്ള സ്ത്രീകൾക്കു തീററികൊടുക്കുന്നതു് എന്തിനാണു് എന്നു് ഒരു ചോദ്യമുണ്ടായേക്കാം. എന്നാൽ ഇതുതന്നെ വാസ്തവമാണോ? ഈ രാജ്യത്തുള്ള മുനിസിപ്പാലിററിക്കാരോടു് ഇതേപ്പററി ഒന്നു

ചോദിച്ചാൽ വാസ്തവം വെളിപ്പെട്ടും. അവർ ലൈസൻസ്സ കൊടുത്താണു ഗോവധം നടത്തിക്കുന്നതു്. നല്ല പുഷ്ടിയുള്ള പശുക്കളെ മാത്രമേ കൊല്ലുവാൻ അനുവദിക്കു. അതിനു പരിശോധകനുമുണ്ടു്. അതുകൊണ്ടു മച്ചടികളെമാത്രമാണു കൊല്ലുന്നതെന്നു പറയുന്നതിനു് അടിസ്ഥാനം എവിടെയാണാവോ! യാതൊരുമതത്തിലും ഗോവധം അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല. ഗോമാംസം ഭക്ഷിക്കാതെ ജീവിക്കുവാനും സാധിക്കുന്നതാണു്. ഗോവധം ശ്രുതിസ്മൃതികളാൽ നിഷേധിക്കപ്പെട്ടുമാണിരിക്കുന്നതു്. എന്നാൽ മതദൃഷ്ട്യാ മാത്രമല്ല ഗോവധം നിഷിദ്ധമായിരിക്കുന്നതു്. കൊന്നുതിന്നുകയെന്നുള്ളതുതന്നെ മനുഷ്യരുടെ മൃഗീയസ്വഭാവത്തിന്റെ അവശിഷ്ടമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പരിഷ്കാരം വർദ്ധിക്കുന്തോറും പ്രായേണ മനുഷ്യർ ഈ ശീലത്തെ ഉപേക്ഷിക്കയാണു ചെയ്യുണ്ടതു്. മനുഷ്യർക്കു് ഇത്രയൊക്കെ പരിഷ്കാരം വന്നിട്ടും ഈ സ്വഭാവത്തെ വിടാതിരിക്കുന്നതു നോക്കുമ്പോൾ നമ്മുടെ പരിഷ്കാരം വഴിപിഴച്ചതാണെന്നു വേണം ഊഹിപ്പാൻ. നാം ആദ്യകാലത്തു കാട്ടിൽ വേടന്മാരായിരുന്നു. ഇപ്പോൾ നാട്ടിൽ വേടന്മാരാണെന്നു മാത്രമേ വ്യത്യാസമുള്ളു. നാം പരിഷ്കാരത്തിൽനിന്നും എത്ര ദൂരം ആദ്യം വർത്തിച്ചിരുന്നുവോ ഇപ്പോഴും അത്രയും ദൂരത്തിൽ തന്നെയാണു സ്ഥിതിചെയ്യുന്നതു്. ഗോവധത്തെക്കുറിച്ചു പ്രത്യേകം ആലോചിക്കുന്നതായാൽ അതു മഹാപാപവും ദൌഷ്ട്യവും കൃതഘ്നതയും പലവിധത്തിൽ ദോഷകരവുമാണു്. ഗോവു് ഒരു പരിശുദ്ധമായ ജീവിയായിട്ടാണു നമ്മുടെ പൂർവ്വികന്മാർ വിചാരിച്ചുവന്നതു്. നാം വന്യവൃത്തിയെ അവലംബിച്ചിരുന്നകാലത്തു നമുക്കു ഭക്ഷണം നൽകിവന്നതു ഗോവാണു്. അമൃതോപമമായ അതിന്റെ പാലാണു നമ്മുടെ ഋഷിമാരുടെ ഏകഭക്ഷണമായിരുന്നതും. ഇതിനു തന്നിമിത്തം കാമധേനുവെന്നാണു് അവർ പേർ നൽകിയിരുന്നതു്. ശ്രേഷ്ഠമായി ഗണിച്ചുവന്നിരുന്ന അതിഥിസൽക്കാരവും ഇതിനെക്കൊണ്ടാണു് അവർ സാധിച്ചുവന്നതു്. മനുഷ്യൻ വന്യവൃത്തിവിട്ടു കൃഷി മുതലായതു ചെയ്തു് ഉപജീവനം കഴിച്ചുതുടങ്ങിയിട്ടും, പണ്ടത്തെ കാമധേനു കാമധേനുവായിത്തന്നെയിരുന്നു. ഗോമയം, ഗോമൂത്രം, ഇതിന്റെ ഭക്ഷണാവശിഷ്ടങ്ങൾ മുതലായവ കൃഷിക്കു് ഉത്തമമായ വളങ്ങളായിട്ടു നമുക്കു് ഉപയോഗപ്പെട്ടുംവന്നു. പാൽ, വെണ്ണ, തൈർ മുതലായവ അത്യന്തം ഹൃദ്യങ്ങളും "ആയുസ്സത്വബലാരോഗ്യ"പ്രദങ്ങളും ആയ സാത്വികഭക്ഷണങ്ങളായിതന്നെ ഇരുന്നു. ഇവയുടെ പുരുഷസന്താനങ്ങൾ നമ്മുടെ കൃഷിക്കുള്ള പ്രാരംഭക്രിയ നടത്തിയുംവന്നു. ഇങ്ങിനെയുള്ള ഒരു ജീവിയോടു നാം എത്രതന്നെ കൃതജ്ഞതെ പ്രദർശിപ്പിച്ചാലും മതിയാകുന്നത

ല്ലാ. ഈ സ്ഥിതിക്കു് അവയെ വധിക്കയെന്നുള്ളതു കൃതഘ്നതയുടെ പരമകാഷ്ഠയല്ലെ? ജീവകാരുണ്യപരമായി നോക്കുന്നതായാൽ സിംഹങ്ങൾ, വ്യാഘ്രങ്ങൾ മുതലായവയെ വധിക്കാമൊ എന്ന ചോദ്യമുണ്ടു്. ഈ വക ജന്തുക്കളെ വധിക്കണമെന്നു നിർബ്ബന്ധം ഇല്ല. എന്നാൽ അവ ഇതരജീവികൾക്കു് ഉപദ്രവം ചെയ്യുന്നവയും മനുഷ്യരോടു് എതിർത്തുനിന്നു ആത്മരക്ഷ സമ്പാദിക്കുന്നതിനു ശക്തിയും ആയുധങ്ങളും ഉള്ളവയുമാണെന്നുള്ള വസ്തുത ഓർമ്മിക്കേണ്ടതാണു്. ചിലപ്പോൾ രക്ഷക്കുവേണ്ടി അവയെ വധിക്കേണ്ടിവന്നേക്കാം. എന്നാൽ ഗോവിന്റെ സ്ഥിതി ഇപ്രകാരമാണോ? നിരുപദ്രവിയും നിർദ്ദോഷിയും സാധുവും നിരായുധയും മനുഷ്യനു് അമൃതപ്രദായിനിയും നമ്മുടെ ശിശുക്കൾക്കു സ്തന്യദാനംകൊണ്ടു് ഒരു മാതാവുമായിട്ടാണിരിക്കുന്നതു്. സദാ മനുഷ്യന്റെ അധീനതയിലും വർത്തിക്കുന്നു. ഇതിനെ വധിച്ചുകളയാമെന്നു് ആർക്കെങ്കിലും തോന്നുമോ?

ഗോവധംമൂലം പശുക്കളുടെ സംഖ്യയും ശിശുക്കളുടെ ആരോഗ്യവും പ്രതിവഷം കുറഞ്ഞുവരുന്നുണ്ടെന്നാണു കാണുന്നതു്. അഥവാ പശുക്കളുടെ സംഖ്യ കുറയുന്നില്ലെന്നു വല്ല കണക്കുകൊണ്ടും തെളിയിച്ചാലും അതു് അവയെ വധിക്കുന്നതിനു് ഒരു സമാധാനമൊ തക്കകാരണമൊ ആയി വരികയില്ല. അവ താനെ തന്നെ സ്വാഭാവികകാരണത്താൽ മരിക്കുന്നും ഉണ്ടല്ലൊ. ഇതുകൂടാതെ ലോകത്തിൽ കന്നുകാലികളുടെ ജനനമരണത്തെ ക്രമീകരിക്കുന്നതിനും വന്ധ്യകളും കറവതീൎന്നവയുമായ പശുക്കളെ ലോകത്തിൽനിന്നും ബഹിഷ്കരിക്കുന്നതിനും ഗോവധം അത്യാവശ്യമാണെന്നുള്ള വാദവും പുറപ്പെടുവിച്ചു കാണുന്നുണ്ടു്. ഈ യുക്തിയുടെ വ്യാപ്തി കുറച്ചുകൂടി വൎദ്ധിപ്പിക്കുന്നതായാൽ വേറെ പല കൃത്യങ്ങളുംകൂടി ചെയ്യേണ്ടതായി വരും. ഇതിനു് ഈ വാദക്കാർ സന്നദ്ധരാണൊ എന്നു് അറിഞ്ഞുകൂടാ. ലോകത്തിൽ അനാവശ്യവസ്തുക്കളെ ബഹിഷ്കരിക്കുന്നതിനും ജനനമരണങ്ങളെ ക്രമപ്പെടുത്തുന്നതിനും സൎവ്വജ്ഞനായ ലോകനിയന്താവുതന്നെ വേണ്ട നിയമം ഏൎപ്പെടുത്തീട്ടുണ്ടു്. അജ്ഞന്മാരും അല്പജ്ഞാനംകൊണ്ടു് അന്ധന്മാരും അവരവരെത്തന്നെ ഭരിക്കാൻ ശക്തിയില്ലാത്തവരുമായ മനുഷ്യർ ഈ നിയമത്തിൽ കൈകടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ലോകത്തെ സൃഷ്ടിച്ചു ഭരിക്കുന്ന ആൾതന്നെ അതിനുവേണ്ട വ്യവസ്ഥകൾ ചെയ്യാതിരിക്കയില്ലെന്നു നമുക്കു പൂൎണ്ണമായി വിശ്വസിക്കാം. എന്നാൽ ഈ നിസ്സാരകാരണത്തിന്മേൽ മാത്രമല്ലാ ഗോവധം നിൎത്തേണ്ടതാണെന്നു് അഭിപ്രായപ്പെടുന്നതു്. സൎവ്വമതനിഷിദ്ധവും മനസ്സാക്ഷിക്കും സന്മാൎഗ്ഗത്തിനും വിരുദ്ധവും ശ്രുതിയുക്തി, അനുഭവം ഇവയാൽ നിരുദ്ധവും മനുഷ്യസ്വഭാവത്തിനു് എത്രയും അയോഗ്യവും ദൌഷ്ട്യസൂചകവും ഏറക്കുറെ മൃഗീയവു

മായ ഈ കൃത്യം എത്രയും വേഗത്തിൽ നിൎത്തുന്നുവൊ അത്രയുംവേഗത്തിൽ ലോകൈശ്വൎയ്യം വൎദ്ധിക്കുവാൻ ഇടയുള്ളതാണെന്നു നിസ്സംശയം പറയാവുന്നതാണു്. ഗോവു് അസ്മാത്ത്കാലംമുതൽക്കുതന്നെ ഭാരതീയരുടെ സ്നേഹത്തിനും, വാത്സല്യത്തിനും, ആദരവിനും പാത്രീഭവിച്ചിരുന്നു. സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻതന്നെ ഗോപാലനവൃത്തിയെ അവലംബിച്ചിരുന്നു. അയോദ്ധ്യാരാജാവായ ദിലീപൻ സന്താനാൎത്ഥം വസിഷ്ഠമഹൎഷിയുടെ ഹോമധേനുവിനെ പത്നീസമേതം ശുശ്രൂഷിക്കയും അതിൻെറ രക്ഷയ്ക്കായി തൻെറ ദേഹത്തെക്കൂടിയും ത്യജിക്കാൻ സന്നദ്ധനായിരിക്കയും ചെയ്തതായി പറയപ്പെട്ടിരിക്കുന്നു. സ്വൎഗ്ഗത്തിലുള്ള വിശിഷ്ടവസ്തുക്കളിൽ ഒന്നു് കാമധേനുവാണു്. മഹൎഷിമാൎക്കു ഹോമദ്രവ്യം നല്കിവന്നതും ഗോവുതന്നെയാണു്. ദുഷ്ടന്മാരുടെ ഭാരംകൊണ്ടു വലഞ്ഞ ഭൂമിദേവിതന്നെയും ഗോരൂപംധരിച്ചാണു ബ്രഹ്മാവിനോടു സങ്കടം അറിവിച്ചതു്. ഇന്നും ദാനങ്ങളിൽവച്ചു പ്രധാനമായി ഗണിച്ചുവരുന്നതും പശുദാനമാണു്. ഗോമയവും ഗോമൂത്രവും മററുവസ്തുക്കളെ ശുദ്ധിചെയ്യാനുള്ള പദാൎത്ഥങ്ങളാണു്. പശുവിൻെറ പാദസ്പൎശം കൊണ്ടു് ഏതു സ്ഥലവും ശുദ്ധിവരുന്നതായി പറയപ്പെട്ടിരിക്കുന്നു. പഞ്ചഗവ്യം ഒരു സിദ്ധൌഷധംകൂടിയാണു്. ഇപ്രകാരം അജ്ഞാനപാവനക്ഷീരയും വൃഷനന്ദവിധായിനിയും, ശ്രുതിപ്രണയിനിയും ആയ ഗോവിനെ ദുഷ്ടബുദ്ധ്യാ സ്പൎശിക്കപോലും ചെയ്യുന്നതു മഹാപാപമാണു്. പിന്നെ വധിക്ക എന്നുള്ളതു് എന്തുമാത്രം പാപകരമാണെന്നു പറയേണ്ടതില്ലല്ലൊ. ഗോവധം ഇപ്പോൾ പല ഹിന്ദുരാജ്യങ്ങളിലും അഹിന്ദുരാജ്യങ്ങളിലും നിൎത്തൽചെയ്യപ്പെട്ടതായി കാണുന്നു. ഉത്തരഇൻഡ്യയിൽ പല സ്ഥലങ്ങളിലും ഗോരക്ഷണസംഘങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ നമ്മുടെ തിരുവിതാംകൂറിൽ ഇതേവരെയും ഇതേപററി ഒരു വ്യവസ്ഥയും ഉണ്ടായിട്ടില്ല. ഇതുസംബന്ധിച്ചു് ഒരു നിയമം ഉണ്ടാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നാനാജാതിമതസ്ഥന്മാരും ചേൎന്നു യത്നിച്ചാൽ ഇതു് സാധിക്കുമെന്നു തോന്നുന്നു. ഭാരതീയരായ നാം ഒരിക്കൽ ഔന്നത്യം പ്രാപിച്ചിരുന്നതു നമ്മുടെ പൂൎവ്വികന്മാർ ആദരിച്ചുവന്ന ഉൽകൃഷ്ടാദൎശങ്ങൾനിമിത്തമാണു്. ഈ ആദൎശങ്ങളെ നാം വിസ്മരിച്ചു പ്രവൎത്തിച്ചുതുടങ്ങിയ കാലംമുതൽക്കു നമ്മുടെ അധഃപതനവും ആരംഭിച്ചുവെന്നു പറയാം. നാം ഇതരദേശക്കാരുടെ പരിഷ്കാരത്തിൽ വല്ലാതെ ഭ്രമിച്ചു നമ്മുടെ പൈതൃകങ്ങളായ ആദൎശങ്ങളെ പരിത്യജിച്ചുവരികയാണു ചെയ്യുന്നതു്. "അഹിംസാപരമോധൎമ്മഃ" എന്നുള്ള ഉത്തമാദൎശം കാലദേശാവസ്ഥകളെകൊണ്ടു ഭേദംവരത്തക്ക ഒരു തത്വമല്ല. ലോകം അവസാനിച്ചാലും ഈ തത്വം നശിക്കുന്നതല്ല: ഈ അടിസ്ഥാനത്തിന്മേലാണു ലോകജീവിതം മുഴുവനും കെട്ടപ്പെട്ടിരിക്കുന്നതു്.

സർവ്വജീവികളുടേയും പരസ്പരമൈത്രിയാണ പ്രപഞ്ചഗതിയുടെ അവസാനമായ ലക്ഷ്യം. സാരങ്ങളായും നിസ്സാരങ്ങളുമായുള്ള സകല വസ്തുക്കളേയും ആരാണ ഹാർദ്ദമായി സ്നേഹിക്കുന്നതു്, ആ മനുഷ്യൻതന്നെയാണ് യഥാർത്ഥത്തിൽ ഈശ്വരനെ ഭജിക്കുന്നവൻ.

(ലേഖകൻ കുറെകാലംമുൻപ് എഴുതിയതു്.)

# പുസ്തകാഭിപ്രായം

സി. പി. അച്യുതമേനോൻ ബി. എ.

ഗ്രന്ഥകൎത്താ:— വി. കെ. രാമൻമേനോൻ. ബി. ഏ., എൽ. ടി.

കൊച്ചീരാജ്യത്തു് ഒരു ഉയൎന്ന ഉദ്യോഗത്തിലും, ഭാഷാസാഹിത്യത്തിൽ ഒരു മാന്യസ്ഥാനത്തിലും, എത്തിയിരുന്ന "ചങ്ങരംപൊന്നത്തു്" അച്യുതമേനോനവർകളുടെ ജീവചരിത്രസംക്ഷേപമാണ് പ്രകൃതഗ്രന്ഥം. ഇതിൽ ചരിത്രനായകന്റെ ബാല്യം, വിദ്യാഭ്യാസം, ഉദ്യോഗജീവിതം, സാഹിത്യപരിശ്രമം, കുടുംബജീവിതം, സ്വഭാവം, ചില ലേഖനങ്ങൾ, ഇങ്ങനെയുള്ള വിഷയങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. മി: അച്യുതമേനവനെ കേരളീയൎക്കു് കൂടുതലായി അറിയാൻ ഇടവന്നിട്ടുള്ളതു് അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമംമൂലവും, അതിലും വിശേഷിച്ചു് അദ്ദേഹത്തിന്റെ നിശിതങ്ങളായ വിമൎശനങ്ങൾവഴിയും ആകുന്നു. അദ്ദേഹം "വിദ്യാവിനോദിനി" യുടെ പത്രാധിപരായിരുന്ന കാലത്തു്—അന്നത്തെ പരിതസ്ഥിതിക്കിടയിൽ മലയാളത്തിൽ സുസമ്മതവും സുഗമവും ആയ ഒരു ഗദ്യസരണി ഏൎപ്പെട്ടിട്ടില്ലാത്ത അക്കാലത്തു്—എഴുതിയിട്ടുള്ള വിമർശനപരമായ ലേഖനങ്ങൾ എത്രയോ ആദരണീയങ്ങളും, സ്തുത്യൎഹങ്ങളും ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ആവക ലേഖനങ്ങൾ എല്ലാംതന്നെ ഇതിൽ ചേൎക്കാത്തതിൽ ഞങ്ങൾക്കു് പരിഭവമാണുള്ളതു്. അദ്ദേഹം ഉദ്യോഗത്തിൽ നിന്നും പെൻഷൻപററി വിശ്രമിക്കുന്ന കാലത്തു്, സാഹിത്യപരിഷത്തിന്റെ അദ്ധ്യക്ഷനെന്ന നിലയിൽ ചെയ്തതായ ചുരുങ്ങിയ അദ്ധ്യക്ഷപ്രസംഗംകൊണ്ടുതന്നെ അദ്ദേഹത്തിന് മലയാളത്തോടുള്ള പ്രത്യേകപ്രതിപത്തി പ്രസ്പഷ്ടമാകുന്നതാണ്. കോടതിനടപടികൾ അന്യഭാഷയിൽ ആയിരിക്കുന്നതിന്റെ അനൗചിത്യത്തെപ്പററി അദ്ദേഹം ഇങ്ങിനെ പറയുന്നു. ഒരു കൊലപാതകിയെ തൂക്കിക്കൊല്ലാൻ പറയുന്ന വിധിപോലും അവനറിയാൻ പാടില്ലാത്ത ഭാഷയിലാണെന്നുള്ളതു് എത്രയോ സങ്കടകരംതന്നെ.

അദ്ദേഹം ഇംഗ്ലീഷിലും മലയാളത്തിലും വളരെ ലേഖനങ്ങൾ എഴുതിയിട്ടുള്ളതിനു പുറമെ ചില പുസ്തകങ്ങളും എഴുതിയിട്ടുണ്ട്. വിശേഷിച്ച് "സ്റ്റേറ്റുമാന്വൽ" എന്നു ഒരു വിലയേറിയ ഗ്രന്ഥവും കൊച്ചിയെ സംബന്ധിച്ച് എഴുതിയിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു മഹാൻെറ ജീവചരിത്രം എഴുതിയിരിക്കുന്നതു സരസഗദ്യകാരനായ വി. കെ. രാമൻമേനവൻ അവർകളാണ്. കഥാനായകൻെറ ജീവചരിത്രത്തിൻെറ ഒരു ശരിയായ രൂപം സംക്ഷേപമായി ഇതിൽ അടങ്ങിയിരിക്കുന്നു. സകലൎക്കും വായിച്ചു രസിക്കത്തക്കവിധത്തിൽ ഭാഷ ലളിതമായിട്ടുണ്ട്. സ്ഥിരപരിശ്രമം, സാഹിത്യപരിശ്രമം, സ്വാതന്ത്ര്യബുദ്ധി, കണിശം മുതലായ കഥാനായകൻെറ പല സ്വഭാവങ്ങളും ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ളതു് വിദ്യാൎത്ഥികൾക്കു് അനുകരണയോഗ്യമാകുന്നു. എന്നാൽ മി: പരുവക്കാട്ടു നാരായണമേനോൻെറ മുഖവുരയിലെ എല്ലാ അഭിപ്രായങ്ങളോടും വായനക്കാർ യോജിച്ചില്ലെന്നു വരാം. പുസ്തകത്തിൻെറ വില അല്പം കൂടുതലാണെന്നു തോന്നുന്നു. കേരളീയരുടെ ഇടയിൽ മഹാന്മാർ ഇല്ലാഞ്ഞിട്ടല്ല, അവരെ ആരാധിക്കാനുള്ള ഉദാസീനതയാണ്, എന്നുള്ള ആക്ഷേപത്തെ യഥാശക്തി പരിഹരിക്കത്തക്കവിധത്തിൽ ഇപ്രകാരം ഒരു ജീവചരിത്രം എഴുതിയ ഗ്രന്ഥകൎത്താവിനെ ഞങ്ങൾ അഭിനന്ദിച്ചുകൊള്ളുന്നു.

വില ഒരു ഉറുപ്പിക.

[ലക്ഷ്മീഭായി ആഫീസ്, തൃശ്ശിവപേരൂർ]

## തിരുവിതാംകൂർ പാഠാവലി

അഞ്ചാം പുസ്തകം.

(ഒരദ്ധ്യാപകൻ.)

ഇതിൽ "ഒരു മഴക്കാലം" എന്ന പാഠം അക്ഷരത്തെററു്, അൎത്ഥവിപൎയ്യയം എന്നിവകൊണ്ടു്, അൎത്ഥം പറയാൻ വിഷമമായിരിക്കുന്നു. ശ്രീ വള്ളത്തോളിൻെറ വാല്മീകിരാമായണതൎജ്ജിമ കിഷ്കിന്ധാകാണ്ഡം

സർഗ്ഗം 28 നോക്കി ആ ഭാഗങ്ങൾ അദ്ധ്യാപകന്മാർ തിരുത്തിക്കൊള്ളുമല്ലൊ! ജിജ്ഞാസുക്കളുടേ ഉപയോഗത്തിനു വേണ്ടി മൂലശ്ലോകങ്ങൾ ഇവിടെച്ചേർക്കുന്നതു സൗകര്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

കചചിത് പ്രകാശം കചചിദപ്രകാശം
കചചിത് കചചിത് പർവ്വതസന്നിരുദ്ധം
രസാകുലം ഷട്പദസന്നികാശം
അനേകവർണ്ണം പവനാവധൂതം
വിദ്യുത്പാതകാ സബലാകമാലാ
ഗർജ്ജന്തിമേഘാ: സമുദീർണ്ണനാദം
വർഷോദകാപ്യായിതശാദ്വലാനി
വനാനി നിർവൃഷ്ടബലാഹകാനി
സമുദ്വഹന്തഃ സലിലാതിഭാരം
മഹത്സുശൃംഗേഷു മഹീധരാണാം
മേഘാഭികാമാപരിസമ്പതന്തി
വാതാവധൂതർ വനപൗണ്ഡരീകീ
പ്രഹർഷിതാഃ കേതക പുഷ്പഗന്ധ
പ്രപാതശബ്ദാകുലിതാഗജേന്ദ്രാഃ
തഡിത് പതാകാഭിരലങ്കൃതാനാ
വിഭാന്തിരൂപാണിവലാഹകാനാം
മാർഗ്ഗാനുഗഃ ശൈലവനാനുസാരീ
യൂഥാഭികാമഃ പ്രതിനാശശങ്കീ
ഷട്പാദതന്ത്രീമധുരാഭിധാനം
ആവിഷ്കൃതം മേഘമൃദംഗനാദൈർ
സ്വനൈർഘനാനാം പ്ലവഗാഃ പ്രവൃദ്ധാ
അനേകരൂപാകൃതി വർണ്ണനാദാ
നീലേഷുനീലാഃ പ്രവിഭാന്തിസക്താ
ദേവാഗ്നിദശ്ശേഷു ദേവാഗ്നിദഗ്ധാഃ
നവാംബു ധാരാഹത കേസരാണി
കദംബപുഷ്പാണി സകേസരാണി
ശൈലോപല പ്രസ്ഖലമാനവേഗാഃ
ഗുഹാസു സംനാദിതബർഹിണാസു
മേഘാഃ സമുദ്ധൂതസമുദ്രനാദാ
നദീസ്തടാകാനിസരാംസി വാപീർ

നഭഃ പ്രകീർണ്ണാംബുധരംവിഭാതി
രൂപം യഥാശാന്തമഹാർണ്ണവസ്യ
പ്രഭുജ്യതേജംബുഫലം പ്രകാമം
ഭ്രമൗപരന്ത്യാമ്രഫലം വിപക്വം
ശൈലേന്ദ്രകൂടാകൃതിസന്നികാശാഃ
മത്താഗജേന്ദ്രാ ഇവ സംയുഗസ്ഥാഃ

പ്രവത്തനൃത്തോത്സവബർഹിണാനി
പശ്യാപരാഹ്നഷ്വധികം വിഭാന്തി
വലാകിനാവാരിധാരാനദന്തഃ
വിശ്രമ്യ വിശ്രമ്യ പുനഃ പ്രയാന്തി

സമ്മോദിതാ ഭാതിവലാകപക്തിഃ
ലംബേവമാലാരചിതാംബരസ്യ
മാല്ല്യായ ഹൃഷ്ടാവനനിർത്ധരേഷു
സാർദ്ധം മയൂരൈഃ സമദാനദന്തി

മുദീർണ്ണഗംഭീരമഹാരവാണാം
രണ്യാദ്യതാനാമിവവാരണാനാം
സംപ്രസ്ഥിതോ മേഘരവം നിശമ്യ
മത്തോഗജേന്ദ്രഃ പ്രതിസന്നിവൃത്തഃ

പ്ലവംഗമോഭേരിത കണ്ഠതാളം
വനേഷു സംഗീതമിവ പ്രവൃത്തം
വിഹായനിദ്രാം ചിരസന്നിരുദ്ധാം
നവാംബുധാരാഭിഹതാനദന്തി

മേഘേഷുമേഘാ നവവാരി പൂർണ്ണാഃ
ശൈലേഷുശൈലാ ഇവബദ്ധമൂലാ
ദ്രുതം പരിത്യജ്യസരോരുഹാണി
വനാനിഹൃഷ്ടാ ഭ്രമരാഃ പതന്തി

ശൈലോത്തമാനാം വിപലാഃ പ്രപാതഃ
ഹാരാവിശീര്യന്ത ഇവാഭിഭാന്തി.
മഹാജലൗഘൈർഗഗനാവലംബാഃ
മഹീം ചകൃത്സ്നാമപവാഹയന്തി.

# സാങ്കേതികശബ്ദങ്ങൾ

(രാമവൎമ്മ അപ്പൻതമ്പുരാൻ)

ഈ വിഷയത്തെക്കുറിച്ചു ഭാഷാസാഹിത്യലോകത്തിൽ വിചാരം തുടങ്ങീട്ട് കുറെയേറെ നാളായി. ഒരു തീരുമാനവും ഇതുവരെ ആവുക കഴിഞ്ഞിട്ടില്ല. ആവശ്യവും അവസരവും ആണെങ്കിൽ, 'അതി' എന്നും 'അത്യാസന്ന'മെന്നും വിശേഷിപ്പിക്കമാറായി. സമസ്തകേരളസാഹിത്യപരിഷത്തു ജനിച്ചനാൾമുതൽ ഇക്കാൎയ്യത്തിൽ ദാഹവും വിശപ്പും സഹിക്കവയ്യെന്നു വിളിച്ചു നിലവിളിതുടങ്ങി. സാഹിത്യനായകന്മാർ ഈ ആവശ്യനിവൃത്തിക്കായി ശ്രമം തുടങ്ങുവാൻ അന്യോന്യം ആംഗ്യം കാട്ടുന്നുണ്ട്. ഭാഷാപ്രണയികൾ സാഹിതീപൌരന്മാരുടെ അനാദരത്തേയും അലസതയേയും ചൂണ്ടി മുറവിളി കൂട്ടുന്നുണ്ട്. മദിരാശി സൎവ്വകലാശാലയിൽ മലയാളനിഘണ്ഡുവിനും പിച്ചകിട്ടുമോ എന്നു നോക്കിക്കൊണ്ടു ചിലർ നില്ക്കുന്നുണ്ട്; മൎയ്യാദയ്ക്കു ചിലതു ചോദിക്കുന്നുമുണ്ട്. കേരളസൎവ്വകലാശാല പിറന്നാലും പിറന്നില്ലെങ്കിലും, കേരളത്തിന്റെ ദക്ഷിണഖണ്ഡത്തിൽ—കേരളത്തിന്റെ വലുപ്പമില്ലായിരിക്കാം—അമ്മയ്ക്കു ചേൎന്നൊരു സന്താനം പത്തോടടുത്തു ഗൎഭത്തിൽ ഇരിക്കുന്നു. പാഠശാലകളിൽ പാഠനം ദേശഭാഷകളിൽക്കൂടി ആകാമോ, ആകുമോ, ആകണമോ, ആക്കണമോ എന്നൊക്കെവിട്ട്, ആകാം, ആകും, ആകണം, ആക്കണം, എന്ന്, 'ഓ' നീക്കിവച്ചനിലയിലെത്തിയിരിക്കുന്നു. അന്യഭാഷകളിൽ അന്നന്നു പുതുതായി പിറക്കുന്ന ശാസ്ത്രഗ്രന്ഥങ്ങൾ കൂട്ടംകൂട്ടമായി തിക്കിത്തിരക്കി മലയാളികളുടെ പടിവാതില്ക്കൽ വന്നുമുട്ടി പോരിന്നു വിളിക്കുന്നു. കാൎയ്യംകനത്ത്, കാലംകടന്ന്, ബാധമുഴുത്തു. എന്നിട്ടോ? നമ്മുടെ ഭാഷ പിന്നേയും മൂളുന്നില്ല. കണ്ണുമിഴിച്ചു നില്ക്കുന്നതേയുള്ളു. എന്താതു്? ആവോ എന്നോ? അല്ല. തറവാട്ടിൽ കാരണവരെ കാണുന്നില്ല. അതുതന്നെ. കോപ്പുകളൊക്കെ കലവറയിലുണ്ട്; ഉണ്ണുവാൻ ആളുകളുമുണ്ട്; നറുക്കുവാനാരാ, വിളമ്പുവാനാരാ? അതാണു ചോദ്യം.

വാസ്തവം നോക്കുന്നതായാൽ, സാങ്കേതികനിഘണ്ഡുനിൎമ്മാണം തുടങ്ങുന്നതിനെതിരായി നില്ക്കുന്നതു് തീൎക്കാവുന്ന ചില സംശയങ്ങളും പരിഹരിക്കാവുന്ന പല വൈഷമ്യങ്ങളും ആകുന്നു. അവ 'കീറാമുട്ടി'കളെന്നു കരുതി വെട്ടിനോക്കാതെ തള്ളിക്കളയുന്നതാൽ, മൂൎച്ചയുള്ള കോടാലികൾ തുരുമ്പുകെട്ടി നാശംവന്നുപോകുവാനാണെളുപ്പം. ഇനി സാഹിത്യ

ലോകം ഇക്കാൎയ്യത്തിൽ അമാന്തം കാണിച്ചാൽ, അനാസ്ഥവിചാരിച്ചാൽ, നിഘണ്ഡുനിൎമ്മാണത്തിനുതന്നെ അതൊരു കോടാലിയായിത്തീരും.

പരിഭാഷികം, സാങ്കേതികം എന്നാ നാമങ്ങളെക്കൊണ്ടു് വ്യവഹരിക്കപ്പെടുന്ന വിശേഷശബ്ദങ്ങൾക്കു് 'സാങ്കേതികശബ്ദങ്ങൾ' എന്നാപേർ ഭാഷയുടെ പൊതുസ്വത്തായി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടല്ലൊ. അങ്ങനെയുള്ള ശബ്ദങ്ങൾ നടപ്പിൽ വന്നിട്ടുള്ളവ, സ്വാധീനത്തിൽ ഇരിക്കുന്നവ, കടം വാങ്ങേണ്ടവ, നിൎമ്മിക്കേണ്ടവ എന്നു നാനാവിധമായിട്ടാണു് കിടക്കുന്നതു്. സ്വന്തം, തത്ഭവം, തത്സമം, നവം എന്നു നാമകരണം ചെയ്യാവുന്ന ഈ ശബ്ദങ്ങളെ ഗണവിഭാഗം ചെയ്തു് ഒരു കരടു് ആദ്യമായി സംഭരിക്കണം. ആ കരടുപകൎപ്പു് തെറ്റുതീൎത്തു സംസ്കരിച്ചു് പണ്ഡിതസമ്മതിക്കു സാമാന്യേന പാത്രമാകണം. എന്നാലേ അതിനു യോഗ്യതയും സ്ഥിരപ്രതിഷ്ഠയും സിദ്ധിക്കയുള്ളു.

സാങ്കേതികശബ്ദകോശനിൎമ്മാണവിഷയത്തിൽ ഭാഷാഭിമാനികളായ ചിലർ അങ്ങുമിങ്ങും സഹകരണസൌകൎയ്യം സിദ്ധിക്കാതേയൊ, സമ്പാദിക്കുവാൻ നോക്കാതേയൊ പാശ്ചാത്യശാസ്ത്രസാരങ്ങൾ ലഘുഗ്രന്ഥരൂപേണ ഭാഷയിൽ അവതരിപ്പിക്കുന്നതിനു നിർബ്ബന്ധിതരായി കാണുന്നുണ്ടു്. ആവക ശ്രമങ്ങൾ സ്വതന്ത്രങ്ങളും, ഓരോരുത്തരുടേയും മനോധൎമ്മമനുസരിച്ചു് വിവിധങ്ങളും ആകയാൽ, സാങ്കേതികശബ്ദസൃഷ്ടിയിൽ ഐകരൂപ്യത്തെക്കാൾ രുചിഭേദത്തേയാണു് അധികം പ്രത്യക്ഷമാക്കുന്നതു്. ഗവേഷണവിഷയത്തിൽ വൈമുഖ്യംകൊണ്ടോ, ആലസ്യംകൊണ്ടോ, പുസ്തകസാമഗ്രികൾ സ്വാധീനത്തിൽ ഇല്ലായ്കകൊണ്ടോ, ഇതരഭാഷാപരിജ്ഞാനം പോരായ്കകൊണ്ടോ, എന്തെങ്കിലുമാകട്ടെ, പൎയ്യായങ്ങളായ പഴയശബ്ദങ്ങൾ കാണാതെ പുതിയ സാങ്കേതികങ്ങൾ സൃഷ്ടിക്കുവാൻ വൃഥാ ക്ലേശം ചെയ്യുന്നതായും കാണുന്നു.

സൎവ്വസമ്മതവും സമഗ്രവുമായ ഒരു സാങ്കേതികനിഘണ്ഡു നിൎമ്മിക്കുന്നതിനുവേണ്ടി പ്രായോഗികവും സുകരവും ആയ മാൎഗ്ഗത്തെപ്പററി ചിന്തിക്കുന്നതിനു മുമ്പു് ഏതാനും ഉദാഹരണങ്ങൾ എടുത്തു പരിശോധിച്ചു നോക്കാം; പരിശോധനഫലത്തെ അടിസ്ഥാനപ്പെടുത്തി മേല്പോട്ടു വേണ്ടതു വിചാരിക്കുകയും ചെയ്യാം.

'ഗണിതം' എന്ന വകുപ്പിൽ, 'ബീജഗണിതം' (Algebra) 'ക്ഷേത്രഗണിതം' (Geometry) എന്ന രണ്ടും സംസ്കൃതഗണിതശാസ്ത്രത്തിൽ ഉള്ള വിഭാഗങ്ങളാണു്. Arithmetic എന്ന 'സംഖ്യാഗണിതം', ഗണി

തം എന്ന സാമാന്യനാമംകൊണ്ടാണ് ഇപ്പോൾ നടപ്പിലിരിക്കുന്ന പാഠപുസ്തകങ്ങളിൽ നിർദ്ദേശിച്ചുപോരുന്നതു്. 'ത്രികോണഗണിതം' എന്നു ഭാഷാന്തരപ്പെടുത്തീട്ടുള്ള Trignometry സംബന്ധമായ വാക്കുകൾക്കുള്ള സമാനശബ്ദങ്ങൾ സംസ്കൃതഗണിതശാസ്ത്രത്തിൽ അർത്ഥവ്യാപ്തിക്കു ന്യൂനത കൂടാതെ കണ്ടുകിട്ടുന്നവയൊ എളുപ്പത്തിൽ ഉണ്ടാക്കാവുന്നവയൊ ആകുന്നു. ത്രികോണഗണിതം ഒരു പ്രത്യേകഗണിതശാസ്ത്രമായി ഗണിച്ചിട്ടുള്ള ഒരു ഗ്രന്ഥം സംസ്കൃതത്തിൽ ഉള്ളതായി അറിവില്ല. എന്നുവരികിലും, അതിലുള്ള സങ്കേതങ്ങൾ പ്രയോഗിക്കേണ്ടതായ ഗണിതതത്വങ്ങൾ ആര്യന്മാരുടെ ഗണിതശാസ്ത്രത്തിലും കാണാം. ഇവിടെ ശാസ്ത്രരീത്യാ നോക്കുമ്പോൾ ചില സംശയങ്ങൾ നേരിടുന്നു. 'ഗണിതം' എന്ന സാമാന്യനാമം 'ബീജഗണിതം' മുതലായ വിശേഷനാമങ്ങളിൽ ഘടിപ്പിക്കേണമോ? ഘടിപ്പിക്കാതെ 'ബീജം' 'ക്ഷേത്രം' എന്നിങ്ങനെ ലാഘവത്തിനുവേണ്ടി ചുരുക്കുന്നതായാൽ, ആ ശബ്ദങ്ങൾ അന്യാർത്ഥത്തിൽ പ്രയോഗമുള്ളവയാകകൊണ്ടു് ഭ്രമത്തിനിടയാകുന്നതല്ലെ? നടപ്പിനെ ഭേദപ്പെടുത്തി ലാഘവം സമ്പാദിക്കേണ്ടതുണ്ടൊ? ഉണ്ടെങ്കിൽ അർത്ഥത്തിനും അർത്ഥവ്യാപ്തിക്കും ഹാനിവരാതെ ഏതൊരുവിധത്തിലാണ് മാറേറണ്ടതു്? 'ബീജകം' 'ക്ഷേത്രകം' എന്നൊ മററൊ മാററിയാൽ അർത്ഥം വരുമോ? 'ബീജകരണം' 'ക്ഷേത്രകരണം' എന്നാക്കിയാൽ ലാഘവത്തിനു മതിയാകുമോ? സംഖ്യാഗണിതത്തിനു ഗണിതം എന്നുമാത്രം പറഞ്ഞാൽ മതിയോ? ഈ പ്രയോഗത്തിൽ ഏതു ഗണിതം എന്ന ചോദ്യത്തിന് അവകാശം വരുന്നതല്ലെ? ഈ വക സംശയങ്ങൾ, സംഭരിക്കപ്പെടേണ്ടതായ പല സാങ്കേതികശബ്ദങ്ങൾക്കും സാമാന്യേന സാധിക്കുന്നതാണ്. ഈ ഗണിതവകുപ്പിൽ ആര്യഗണിതശാസ്ത്രപ്രകാരം പ്രയോഗിച്ചുവരുന്ന ചില സാങ്കേതികശബ്ദങ്ങൾ മാതിരി കാണിക്കുവാൻ വേണ്ടി മാത്രം താഴെ എടുത്തുദാഹരിക്കുന്നു.

| ഇംഗ്ലീഷ് | മലയാളം | പ്രമാണം |
|---|---|---|
| Calculation | ഗണിതം | യുക്തിഭാഷ |
| " | കരണം | ലീലാവതി |
| Rules of Arithmetic | പരികർമ്മം | യുക്തിഭാഷ |
| Example | ഉദ്ദേശകം | ലീലാവതി |
| Statement | ന്യാസം | ടി |
| Fraction | ഭിന്നസംഖ്യ | ടി |
| Quantity | രാശി | ടി |
| Numerator | ഭാഗം, അംശം, വിഭാഗം, ലവം | ടി |

| | | |
|---|---|---|
| Denominator | ഹരം, ഹാരം, ഛേദം | ലീലാവതി |
| Reduction to a common denominator | സവർണ്ണനം | ടി |
| Greatest Common Measure | അപവർത്തനഹാരകം | ടി |
| Rules of three | ത്രൈരാശികം | ടി |
| Inverse proportion | വ്യസ്തത്രൈരാശികം | ടി |
| Principal | കലാന്തരം (മുതൽ) | ടി |
| Interest | കലാന്തരം (പലിശ) | ടി |
| Million | പ്രയുതം | യുക്തിഭാഷ |
| Billion | മഹാപത്മം | ടി |
| Hundred millions | അർബ്ബുദം | ടി |
| Thousand millions | അബ്ജം | ടി |
| Ten Thousand millions | ഖർവ്വം | ലീലാവതി |
| Hundred Thousand millions | നിഖർവ്വം | ടി |
| Hundred billions | ജലധി | ടി |
| Thousand billions | അന്ത്യം | ടി |
| Ten Thousand billions | മദ്ധ്യം | ടി |
| Hundred Thousand billions | പരാർദ്ധം | ടി |
| Permutation | പ്രസ്താരം | ടി |
| Combinations | വ്യക്തികർമ്മ | ടി |
| Summation | സങ്കലിതം | ടി |
| Number of terms | പദം, ഗച്ഛം | ടി |
| First term in progression | ആദി, മുഖം, വദനം | ടി |
| Last term in progression | അന്ത്യപദം | ടി |
| Middle term | മദ്ധ്യപദം | ടി |
| Plain figure | ക്ഷേത്രം | ടി |
| Triangle | ത്ര്യശ്രം, ത്രികോണം, ത്രിഭുജം | ടി |
| Quadrilateral | ചതുരശ്രം, ചതുഷ്കോണം, ചതുർഭുജം | ടി |
| Perpendicular Equilateral (Square) | ലംബം | ടി |
| Trapezium | വിഷമചതുരശ്രം | ടി |
| Rectangle | ആയതചതുരശ്രം, ദീർഘചതുരശ്രം, ഘാതക്ഷേത്രം | ടി |
| Side Base | ഭുജ | ടി |

| | | |
|---|---|---|
| Perpendicular | കോടി | ലീലാവതി |
| Hypotenuse } Diagonal | കർണ്ണം | ടി |
| Area of triangle | ത്ര്യശ്രഫലം | ടി |
| Diameter | വ്യാസം | ടി |
| Radius | വ്യാസാർദ്ധം | ടി |
| Area of the surface | പൃഷ്ഠഫലം | ടി |
| Cubical contents of the sphere | ഗോളഫലം | ടി |
| Centre | കേന്ദ്രം | ടി |
| Circumference | പരിധി | ടി |
| Arc | ധനുസ്സ് | ടി |
| Chord | ജ്യാവ് | ടി |
| Gnomon | ശങ്കു | ടി |
| Common difference | ചയം, പ്രചയം, ഉത്തരം | ടി |
| Sine | കർണ്ണാഗ്രലംബം | ടി |
| Co-sine | കർണ്ണാഗ്രഭുജ | ടി |
| Tangent | ഭുജാഗ്രകോടി | ടി |

മേൽ കാണിച്ചിരിക്കുന്ന പട്ടികയിൽ സംഖ്യാഗണിതത്തിലും ബീജഗണിതത്തിലും ഉള്ള സങ്കേതങ്ങൾ സാമാന്യങ്ങളായി പലതും ഉണ്ട്. അതു് ഏതിൽ ചേർക്കണമെന്ന ചോദ്യത്തിന് അകാരാദിയായ ഒരു നിർമ്മാണവിഷയത്തിൽ അവകാശമില്ല. ഏതെങ്കിലും ആയിക്കോട്ടെ. പദം നിഘണ്ടുവിൽ ഉൾപ്പെട്ടാൽ മതി. അതുപോലെ ക്ഷേത്രഗണിതവും ത്രികോണഗണിതവും അന്യോന്യാപേക്ഷയുള്ളതായി കാണാം. Side, Base, എന്നീ രണ്ടു വാക്കുകൾക്കും 'ഭുജ' എന്ന ഒരേ സങ്കേതമാണ് പ്രയോഗിച്ചുകാണുന്നതു്. ഇംഗ്ലീഷിൽനിന്നു തർജ്ജമചെയ്യേണ്ടിവരുന്ന ദിക്കുകളിൽ Side എന്നതിന് 'പാർശ്വം' 'പാർശ്വരേഖ' എന്നോ മറ്റോ ആക്കുന്നതു നന്നായിരിക്കും. അല്ലെങ്കിൽ 'കമല'യാകുവാൻ വഴിയുണ്ടു്. 'കർണ്ണം' എന്ന ശബ്ദം hypotenuse, diagonal ഇതുരണ്ടിനേയും കുറിക്കുന്നതാണ്. എന്നാൽ perpendicular എന്നതിനു 'ലംബം,' 'കോടി' എന്നു രണ്ടു പര്യായങ്ങളുണ്ടു്. ഇവിടെ hypotenuse and diagonal=കർണ്ണം; Perpendicular എന്നതിനു സാമാന്യമായിട്ടു് 'ലംബം;' ത്രികോണഗണിതത്തിൽ Perpendicular ന് 'കോടി' എന്നിങ്ങനെ വ്യവസ്ഥപ്പെടുത്തുകയല്ലേ നല്ലതു്? ഭുജാ, കോടി, കർണ്ണം എന്ന സങ്കേതങ്ങൾ നമുക്ക് തൽസമങ്ങളായി സിദ്ധിച്ചിട്ടു

ണ്ടല്ലോ. Sine, co-sine, tangent എന്ന സങ്കേതങ്ങൾ ഭുജാകോടികർണ്ണങ്ങളിൽ ഒന്നു ഹാര്യവും മറേറതെങ്കിലും ഒന്നു ഹാരകവും ആയി കിട്ടുന്ന ഫലമാകയാൽ, 'കർണ്ണാപ്തകോടി,' 'കർണ്ണാപ്തഭുജ,' 'ഭുജാപ്തകോടി' എന്നു നിർമ്മിതയോഗങ്ങളെക്കൊണ്ടു യഥാക്രമം വ്യവഹരിക്കപ്പെടാവുന്നതാണ്. ഈ ഗണിതശാസ്ത്രസങ്കേതവിചാരം അവിടെ നില്ക്കട്ടെ.

രസതന്ത്രം അല്ലെങ്കിൽ രസവാദം (Chemistry) എന്ന ശാസ്ത്രത്തിൽ Element എന്ന ശബ്ദത്തിനു 'മൂലവസ്തു'വെന്നാണല്ലോ പര്യവസിതാൎത്ഥം. അതിനു 'ധാതു'വെന്നും 'ഭൂത'മെന്നും ഉപയോഗിച്ചുകാണുന്നുണ്ട്. Hydrogen എന്നതിന് "അബ്ജനകവായു" എന്നു ഭാഷാന്തരം കല്പിച്ച് അതിന്റെ നിൎവ്വചനത്തിൽ 'കത്തിച്ചാൽ കത്തുന്നൊരു ഭൂതം' എന്നു കൊടുത്തുകാണുന്നു. ഇതു കുറച്ചു ഭയങ്കരമല്ലേ? 'ധാതു' എന്ന പദം പോരെ എന്നാണെങ്കിൽ, ഒരു വൈഷമ്യം. തുത്ത്, തുരിശ്, ചെഞ്ചല്യം, ചായില്യം മുതലായി കലൎന്നുകിടക്കുന്ന പദാൎത്ഥങ്ങളിലാണ് ആ ശബ്ദത്തിനു പ്രസിദ്ധി. ആ സ്ഥിതിക്കു 'മൂലവസ്തു' എന്നുതന്നെ ഉപയോഗിച്ചാൽ പോരെ? ചെമ്പ്, ഇരുമ്പ്, നാകം, ഈയ്യം, തകരം വെള്ളി, പൊന്ന് എന്നു ലോഹവാചികളായ ശബ്ദങ്ങൾ ഭാഷയിൽ നടപ്പുള്ളവയാണെങ്കിലും, ചില പ്രത്യയങ്ങളോടുകൂടി യോജിക്കേണ്ടതായി വരുമ്പോൾ, യോജനാസൌകൎയ്യത്തിനും സൌഷ്ഠവത്തിനും വേണ്ടി സംസ്കൃതവാക്കുകൾ ഉപയോഗിക്കേണ്ടി വരും. ചെമ്പിനു ഗന്ധകത്തോടുകൂടിയുള്ള യോഗം പലപ്രകാരത്തിലും ഉണ്ടാവാം.

Cuprous sulphide, Cupric sulphide, Cuprous sulphite, Cupric sulphite, Cuprous sulphate, Cupric sulphate, ഈ യോഗങ്ങൾക്കു ഭാഷയിൽ സമാനശബ്ദങ്ങൾ നിൎമ്മിക്കുമ്പോൾ, താമ്രഗന്ധി, താമ്രകഗന്ധി, താമ്രഗന്ധികം, താമ്രകഗന്ധികം, താമ്രഗന്ധീയം താമ്രകഗന്ധീയം, എന്നു തുടങ്ങി 'താമ്ര'ശബ്ദത്തോടു യോജിപ്പിക്കേണ്ടതായി വരും. അതുപോലെ ഇ, ഇകം, ഈയം എന്ന പ്രത്യയങ്ങൾ ചേൎക്കേണ്ടിവരുമ്പോൾ, അയസ്സ്, രജതം, സീസം, ഹേമം, എന്നുതൊട്ടു സംസ്കൃതപദങ്ങളല്ലാതെ ഭാഷാശബ്ദങ്ങൾ ഉപയോഗിക്കുവാൻ സാധിക്കയില്ലെന്നു വരുന്നതാം. ഉദാ: അയോഗന്ധി, രജതകിലോരി, സീസഗന്ധികം, ഹേമകിലോരി.

മേൽകാണിച്ച ഉദാഹരണങ്ങളിൽ 'കിലോരി' എന്നു കാണുന്നതു 'കിലോര'ശബ്ദത്തിൽ 'ഇ' പ്രത്യയം ചേൎത്ത് 'ഗന്ധ'ത്തിനു 'ഗന്ധി' എന്ന പോലെ, കിലോരം (Chlorine) ലോഹത്തോടു കൂടുമ്പോൾ ഉണ്ടാവുന്ന Chloride എന്ന വികാരത്തെയാണു കുറിക്കുന്നതു. Chlorine എന്ന പദ

ത്തിന്നു 'കിലോരം' എന്ന തത്ഭവം കല്പിച്ചതു് ഭാഷാശബ്ദങ്ങളുടെ ആഗമം അനുസരിച്ചും, എന്നാൽ ആ പദാൎത്ഥത്തിന്റെ ഉപരിജ്ഞാനം മൂലഭാഷയിൽനിന്നു സമ്പാദിക്കേണ്ടിവരുമ്പോൾ, ശബ്ദസാമ്യംകൊണ്ടു വസ്തുസാപത്യവും അൎത്ഥബോധവും എളുപ്പത്തിൽ ഉണ്ടാകുവാൻ ഉദ്ദേശിച്ചും ആകുന്നു. ഈ നിൎമ്മാണനയം ഒരു സാമാന്യനിയമമായി സ്വീകരിക്കുന്നതായാലേ ശാസ്ത്രസങ്കേതങ്ങൾക്കു സൎവ്വഭാഷകളിലും ഏകദേശരൂപൈക്യവും വ്യാപ്തിയും സമ്പാദിക്കുവാൻ സാധിക്കയുള്ളൂ. അല്ലാതെ, 'കിലോര'ത്തിന്റെ വൎണ്ണം, ഗന്ധം, വായവ്യാവസ്ഥ മുതലായ ഗുണങ്ങളിൽ ഒരു പ്രത്യേകഗുണത്തെ അടിസ്ഥാനപ്പെടുത്തി 'ഹരിതവൎണ്ണി' എന്നോ 'രൂക്ഷഗന്ധി' എന്നോ പേർ കല്പിക്കുന്നതായാൽ, ഭാഷാസമാനത്വംകൊണ്ടുണ്ടാവുന്ന വ്യാവഹാരികസൌകൎയ്യവും, ക്ണപ്താൎത്ഥവ്യാപ്തിയും കിട്ടുന്നതല്ല. Oxygen എന്ന പദത്തിനു് 'അമ്ലജനകം' എന്നൊരു തൎജ്ജമ കാണുന്നു. രസതന്ത്രം ദിനം പ്രതി എന്നപോലെ അഭിവൃദ്ധിയെ പ്രാപിച്ചു പൂൎവ്വസിദ്ധാന്തങ്ങൾ മാറിക്കൊണ്ടിരിക്കെ 'അമ്ലജനകം' എന്ന ശബ്ദം ശരിയായ അൎത്ഥത്തെ ഇപ്പോൾ ബോധിപ്പിക്കുന്നില്ല. അമ്ലജനകങ്ങളായ അനേകം അലോഹപദാൎത്ഥങ്ങൾ വേറെയുണ്ടു്. എന്നല്ല, ഈ മൂലവസ്തുവിനു് അമ്ലജനകത്വം നിത്യമായ ഒരു ധൎമ്മവുമല്ല. 'ജീവനുണ്ടാക്കുന്നതു്' എന്നാണു് മൂലപദത്തിന്റെ ധാത്വൎത്ഥം. ആ പദാൎത്ഥം വായവ്യവൎഗ്ഗത്തിൽ പെട്ടതുമാണു്. ആ സ്ഥിതിക്കു്, 'പ്രാണനം' എന്നൊരു പേരു കല്പിക്കരുതെ? മേൽപറഞ്ഞ അഭിപ്രായങ്ങളെ അനുസരിച്ചു സാമാന്യശബ്ദങ്ങളേയും, മൂലലോഹവസ്തുക്കളേയും, അലോഹമൂലവസ്തുക്കളേയും ചിലതെടുത്തു വാക്കുകൾ ഉണ്ടാക്കിനോക്കുക.

## സാമാന്യശബ്ദങ്ങൾ.

Alkali=ക്ഷാരം
Acid=അമ്ലം
Alkaline=ക്ഷാരീയം
Acidic=അമ്ലകം
Oxidation=ഊണനം

Ion=ശക്തപീലു (അനനം)
Atom=പീലു (പരമാണു)
Positive=ധനം (ഘനം)
Negetive=ഊണം (ക്ഷയം)
Reduction=ധനനം

### ലോഹങ്ങൾ (Metals)

Aluminium=അലൂമിനം (അലുമ്നം)
Barium=ബേരം
Berillium=ബരിലം

### അലോഹങ്ങൾ (Non-metals)

Hydrogen=അമ്ലദം (അബ്ജനകം)
Oxygen=പ്രാണനം
Nitrogen=നിത്രജം (പാക്യജനകം)

Indium=ഇന്ദം
Iridium=ഇരുദം
Magnesium=മഗ്നസം
Manganese=മംഗനം
Nickel=നികലം
Platinum=പലാതനം
Potassium=പൊട്ടാസം
Radium=റേഡിയം
Sodium=സോദം
Boron=ബോരം
Chlorine=കിലോരം
Flourine=പലോരം
Helium ഹീലം
Iodine=അയോദം
Silicon=സിലകം
Carbon=ഇംഗാലം
Phosphrous=പസ്സരം

ഈ വാക്കുകളിൽ ചിലതിനെക്കുറിച്ചു് അല്പമൊന്നു പറയേണ്ടതുണ്ടു്. പരമാണുവിനു് തക്ശാസ്ത്രത്തിൽ 'പീലു' എന്നാണു് പരിഭാഷ. ലാഘവം കരുതി ഇവിടെ അതു് സ്വീകരിച്ചുവെന്നേയുള്ളു. നടപ്പിലിരിക്കുന്ന 'പാക്യജനക'ത്തിനുപകരം 'നിത്രജം' എന്നൊന്നു സൃഷ്ടിച്ചിരിക്കുന്നു. കാരണം, ആ അലോഹത്തിന്റെ ലോഹങ്ങളോടുള്ള യോഗത്തിൽ ഉണ്ടാകുന്ന അമ്ലവികാരങ്ങളെ കുറിക്കുമ്പോൾ, 'രജതപാക്യജനകം', 'പൊട്ടാസപാക്യജനകീയം' എന്നു ഗുരുതരങ്ങളായ സംജ്ഞകൾ ഉപയോഗിക്കുന്നതിനേക്കാൾ 'രജതനിത്രജികം', 'രജതനിത്രജീയം' എളുപ്പമായിരിക്കുമെന്നു കരുതിയാണു്. വിശേഷിച്ചു്, മൂലപദത്തിനും തത്സമത്തിനും തമ്മിൽ പൊരുത്തവും നാമസാമ്യംകൊണ്ടു ലഭിക്കാവുന്ന പൂർവ്വോക്ത സൌകര്യവുംഅധികമുണ്ടാകുമല്ലോ. ശബ്ദദൃഷ്ടിയിൽ മുൻ നിർദ്ദേശിച്ചിട്ടുള്ള സമ്പ്രദായത്തിനു് ഐകരൂപ്യവും കിട്ടുന്നതാണു്. ഈ വിചാരം അവിടെ നില്ക്കട്ടെ. ഇനി പ്രധാനങ്ങളായ ചില ശാസ്ത്രവകുപ്പുകളിൽ ഒരോ വകുപ്പിലും ഇപ്പോൾ വന്നുചേൎന്നിട്ടുള്ള ഏതാനും ഭാഷാസങ്കേതങ്ങൾ പരിശോധനയ്ക്കും ത്യാജ്യഗ്രാഹ്യവിവേചനത്തിനും ആയി താഴെ എടുത്തുദാഹരിക്കാം. സമഗ്രമായൊരു പട്ടിക ഈ ലേഖനത്തിൽ ചേൎക്കുന്നതു സാദ്ധ്യമല്ല. ചിലതെടുത്തു് കാണിക്കാമെന്നേ ഉള്ളു. ഉദാഹരണങ്ങളും മാതൃകാമാത്രങ്ങളാകുന്നു.

1. <u>Astronomy</u>-ജ്യോതിഷം, ജ്യോതിശ്ശാസ്ത്രം. ധനശാസ്ത്രം.

Ecliptic=ക്രാന്തിചക്രം
Ellipse=ഉപപന്ഥാവു്
Corona=സൂൎയ്യപരിപ്രഭാ
High latitude=വിഷുവദ്രേഖാ
Boycott=മുടക്കു്
Brokers=ഉണ്ടിയൽക്കാർ; ഇടനിലക്കാർ
By-products=കിട്ടസാധനങ്ങൾ
Cheque=ചെക്കു്

2. Architecture-തച്ചുശാസ്ത്രം, ശില്പിശാസ്ത്രം.

Plumb-lin=ലെംബയന്ത്രം

Venetian blind=ഇല്ലിവാതിൽ

Balcony=പ്രഗ്രീവം

Buttress=മുട്ടുതൂൺ

Coping=ഉത്തരക്കല്ല്

3. Arithmetic-സംഖ്യാഗണിതം.

Inverse proportion =വിലോമാനുപാതം

Factor=അപവർത്തകം

G. C. M.=മഹത്തമസാധാരണ അപവർത്തകം; അപവർത്തനഹാരകം

Multiple=അപവർത്ത്യം.

Decimal=ദശഭിന്നിതം

4. Botany-സസ്യശാസ്ത്രം ഉത്ഭിജവിജ്ഞാനീയം.

Lodoicea sehcilliana=അക്രാരിദത്തങ്ങ

Elephantopus seaber=ആനയടിയൻദവർ; ആനച്ചുവടി

Terminalia catappa=ഇംഗുദി

Odina pinnate=ഉതി

Nyphia stellata=ചിററാമ്പൽ

Combination (harizontal, =സമസംഘം

Combination (vertical) =ലംബസംഘം

Cost of production theory നിർമ്മിതവ്യയന്യായം

Current account=പററുവരവുകണക്ക്

Custom=അടവ്

Debenture capital=വായ്പമുതൽ

Face value=മുദ്രവില

Guilds=കമ്മാളസംഘങ്ങൾ

Joint stock companies=കൂട്ടുകമ്പനി

Labour theory=പ്രയത്നന്യായം

Marginal utility theory=പ്രയോജനതാരതമ്യന്യായം

Mint=കമ്മട്ടം

Mint-rate=നാണയവില

Monopoly=കുത്തക; അട്ടിപ്പേർ

Patent=അട്ടിപ്പേർ

Protective tariff=രക്ഷാചുങ്കം

Speculation=മേലാഭക്കച്ചവടം

Syndicalism=കമ്മാളാധിപത്യം

Technique=രഹസ്യം

Trusts=സമിതികൾ

Ficus maisorensis=കല്ലാൽ

Irredeemable land=അനാദേയം

Scarcity of income=അനായതി

Rescission=അനുശയം

5. Economics-ധനശാസ്ത്രം

Balance sheet=ബാക്കി പട്ടിക

Detailed account book=അനന്തര വണ്ണം

Bill of exchange=കൈമാററ ബിൽ

Subsistance=ആജീവം

Distribution=വിക്ഷേപം

Accumulation=സംസ്തംഭനം

Deposit=അമാനത്തു്

Security=അവാലത്തു്

6. Chemistry-രസതന്ത്രം രസവാദം, കീമശാസ്ത്രം.

Hydrogen=അബ്ജനകം, ജലവായു, ജലജനകം

Simple mixture=കേവലമായ സങ്കരം

Element=തത്വം

Solution=ദ്രവീഭാവം

Destructive distillation=ധ്വംസ സന്ധാനം

Nitrogen=പാക്യജനകം, യവക്ഷാരവാഷ്പം, നത്രികം

Molecule=പുഞ്ജികാ

Phosphurus=ഭാവകം, പ്രകാശദം

Silica sand=മൃത്സികാഗ്നേയം

Copper sulphate=ഗന്ധകാമില തൂത്ഥം

Carbolic acid=ദുർഗ്ഗന്ധനിവാരക ദ്രാവകം

10. Military-ആഹവികം

Invader=അഭിയാസ്യൻ

Neutrality after proclaiming war } വിഗൃഹ്യാസനം

Flanks of the array of the army } കക്ഷങ്ങൾ

Trench-fighters=ഖനകയോധികൾ

Ambuscade=സത്രം

Expedition=സമുത്ഥാനം

Advance-guard, night-petrol } ഉക്കളം

11. Minerology-ധാതുവിജ്ഞാനീയം

Mine=ആകരം

Ores of iron=തീക്ഷ്ണധാതു

Geography-ഭൂമിശാസ്ത്രം

Belt=കട്ടലിട്ടക്ക്
Latitude അക്ഷം
Longitude=ധ്രുവകം

8. Industrial-വ്യാവസായികം
Anvil=അടകല്ല്
Mill (port)=ആസ്സ്
Gear=ഉടായുധം

9. Logic-ന്യായശാസ്ത്രം
Deduction=അവനയനം
Induction=ഉന്നയനം, പ്രത്യേകതോത്ഭവപ്രമാണം

14. Physiology-ശാരീരം, ശാരീരശാസ്ത്രം
Marrow=എല്ലുകാമ്പ്, അസ്ഥിസാരം
Liver=ഈരൽ
Appendix=പരിശിഷ്ടം

Artery=ധാതുനാഡി, യമനി
Bladder=ഉതളി, മൂത്രാശയം
Cartilages=തരുണാസ്ഥി

Alabaster=വെൺകല്ല്
Amethyst=വൈഡൂര്യം, സുഗന്ധികല്ല്
Garnet=പുഷ്പരാഗം

12. Medical science-വൈദ്യശാസ്ത്രം
Proteides=പ്രതമ[illegible]
Germ=ബീജം
Starch=മണ്ഡികാ[illegible]
Blood-heat=രക്ത[illegible]
Ligaments=സന്[illegible]കൾ
Fibrous tissue=താന്തവധാതു
Pathology=രോഗനിദാനശാസ്ത്രം
Prognosis=അസാദ്ധ്യലക്ഷണം

13. Naval-നാവികം
Ballast=അടിഭാരം
Prow, ship-head അണിയം
Stern=അമരം
Shipwright=ഇളംതച്ചൻ
Fire-deck=അണിയത്തട്ട്

16. Philosophy-തത്വശാസ്ത്രം
Huminatrian=മാനുഷതത്വമതാനുസാരി
Ideal=പ്രപഞ്ചശൂന്യവാദസംബന്ധമായ
Idealism=പ്രപഞ്ചശൂന്യവാദം, പ്രപഞ്ചാസ്തിക്യനിഷേധവാദം, ഭാവനാദ്വൈതവാദം
Imputation=അദ്ധ്യാരോപണം

17. Political science-അർത്ഥശാസ്ത്രം
Immigration=അപവാഹനം

Peritoneal membrane=പരിതുന്ദകല
Sectum=ഋജ്വാന്ത്രം
Protoplasm=ജീവാങ്കുരം

15. Physics-പ്രകൃതിതത്വശാസ്ത്രം, പ്രകൃതിശാസ്ത്ര[illegible] പ്രകൃതിവിജ്ഞാനീയം.

Attraction=[illegible]കർഷണം
Specific [illegible]=ആപേക്ഷികഗുരുത്വം.
Condu[illegible]വാഹികൾ
Temper[illegible]ഷ്ണമാത്ര
Gravity=[illegible]
Gravitation=[illegible]
Freezing point=ഘനീഭവഘട്ടം
Bulk, Volume=പരിണാഹം
Phenomenon=ഭാനം
Hypothesis=ഭൂമികാ
Density=സാന്ദ്രിമാ
Impenetrability=അനതിക്രമണം
Concave mirror=ഉൾവളവുള്ള കണ്ണാടി
Positive electricity=കണ്ണാടിവിദ്യുച്ഛക്തി
Camera obscura=കാമ്മുറി
Syphon=കടിലനാളി
Galvanic baltery=ഗല്വാനിയുടെ പെട്ടകം
Chimney=പുകഗോപുരം
Porosity=ബഹുരന്ധ്റത
Evaporation=വററൽ

Deportee=അപവാഹിതൻ
Spies (in siege) അപസർപ്പന്മാർ
Retreat=അപസരണം
Compensatory fine=അപഹീനാ
Surplus population=അഭിഷ്യന്ദം.
Emigration=അഭിഷ്യന്ദഗമനം
Financial difficulty=അർത്ഥകൃച്ഛ്രം
Banishment=അവസ്രാവണം
Pseudo-king=രാജവ്യഞ്ജനൻ
Autonomy=നിജാധീനത
Trignometry=ത്രികോണഗണിതം
Sine=ജ്യാ
Co-sine=കോടിജ്യാ
Tangent=ഛായാ
Radius=ത്രിജ്യാ

Zoology=പ്രാണിശാസ്ത്രം, ജന്തുശാസ്ത്രം

Gayal ox=ആഢ്യമാൻ
Sparrow=ആററ
Armadills=ഇത്തിൾപന്നി
Pearl oyster=ഇപ്പിപ്പുടിൽ
Mytilus=ഇളംപക്ക

മേൽ ഉദ്ധരിച്ചിട്ടുള്ള ഉദാഹരണങ്ങൾ ആപ്തേ, ബെയ്‌ലി, സക്കേറിയസ്, മൂളിയിൽ കൃഷ്ണൻ മുതലായവരുടെ നിഘണ്ടുക്കളിൽനിന്നും, ലീലാവതി, യുക്തിഭാഷ, എം. ഉദയവർമ്മരാജാവിൻെറ പ്രവേശിക, റവറൻറ്

എൽ. ജോഹാന്നസ് ഫ്രോഹൻമെയർ പാതിരിയുടെ പ്രകൃതിശാസ്ത്രം, എം. രാജരാജവർമ്മരാജാവിൻെറ അർത്ഥശാസ്ത്രം, കൌടില്യൻെറ അർത്ഥശാസ്ത്രം എന്നീ ഗ്രന്ഥങ്ങളിൽനിന്നും എടുത്തിട്ടുള്ളവയാണു്. ഇനിയും അനേകം നിഘണ്ടുക്കളും പുസ്തകങ്ങളും തിരയേണ്ടതായിട്ടുണ്ടു്. *സമയവും സൌകര്യവും ഇല്ലാതെ ഈ പരിമിതലേഖനത്തിൽ അവക ഉപകരണഗ്രന്ഥങ്ങളിൽനിന്നു മാതൃകാശബ്ദങ്ങൾ എടുത്തുചേർക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ ഉദാഹരണങ്ങൾ ഒന്നു മനസ്സിരുത്തി നോക്കുന്നതായാൽ കാണ[illegible] പ്രാമാണ്യം സിദ്ധിച്ച ഒരു സാങ്കേതികനിഘണ്ഡുവിൻെറ അഭാവംകൊ[illegible]വുന്ന വൈഷമ്യങ്ങൾ. ഉള്ളതു കാണാതെ ഇല്ലാത്തതും വേണ്ടാത[illegible]ാക്കുന്നു. ഉള്ളതു കാണുവാൻ ശ്രമിച്ചിട്ടില്ല; ഇല്ലാത്തതുണ്ടാക്കു[illegible]കുപ്യമില്ല; ഉണ്ടാക്കുന്നതിനു നിയമമില്ല. സ്വാതന്ത്ര്യത്ത[illegible]; മനോധർമ്മത്തിനു കടിഞ്ഞാണില്ല; എന്തിനേറെപ്പറയുന്നു, നല്ലതെങ്കിൽ നല്ലതു്, ചീത്തയെങ്കിൽ ചീത്ത; വിഷമോ അമൃതോ എന്തെങ്കിലുമാവട്ടെ; അടിച്ചോടിക്കുന്ന കുതിരയ്ക്കു വിശപ്പും ദാഹവും തീരണ്ടെ? കുതികൊണ്ട ഭാഷാസാഹിത്യത്തിന് ഓടുന്നവഴി കിട്ടിയതൊക്കെ തിന്നുകതന്നെ.

പുണ്യകർമ്മങ്ങളൊന്നും സുകരങ്ങളല്ല. സാങ്കേതികശബ്ദനിഘണ്ഡുനിർമ്മാണവും ക്ലേശംകൂടാത്തതല്ല. പണം വേണം, പ്രയത്നം വേണം, പണിയെടുക്കുവാൻ ആളുകളും വേണം, ഉത്സാഹിപ്പിക്കുവാൻതക്ക പരിസരവും വേണം. പണസ്സഞ്ചിയും ഹൃദയഗ്രന്ഥിയും, കെട്ടഴിഞ്ഞില്ലെങ്കിലും, അഴയുകപോലും ചെയ്യണമെങ്കിൽ, ധനവാന്മാരായ പൌരന്മാരിൽ പൌരബോധമുണ്ടാവണം. ഭാഷാഭിമാനികളിലും ഭാഷാപണ്ഡിതന്മാരിലും ഒരു സമ്പ്രദായത്തോടുകൂടിയ സാഹിത്യഭ്രാന്തു കടന്നുകൂടണം. കൈരളിയിൽ കറകളഞ്ഞ ഭക്തിയും വിഭക്തിയും ഉണ്ടെങ്കിൽ ആവേശം തനിയെ വന്നുകൊള്ളും; ക്ലേശം സഹിച്ചു പ്രയത്നം നടത്തുവാനുള്ള ത്യാഗശീലവും ഉണ്ടായിക്കൊള്ളും.

ഈ ലേഖകൻെറ ഒരു ഇഷ്ടബന്ധുവിനോടു് ഈ വിഷയത്തെപ്പററി സംസാരിച്ചപ്പോൾ ഒരു 'സാഹിതീനിത്യയോഗം' സ്ഥാപിച്ചാലേ ഉദ്ദിഷ്ടകാര്യം സാധിക്കയുള്ളുവെന്നു പറകയുണ്ടായി. അതു ശരിതന്നെ. പക്ഷെ, ഭാഷായോഷയുടെ ആലസ്യം തീർക്കുവാൻ പരിശ്രമിച്ചിട്ടുള്ളവർക്കു് ഈ ആശയം പുത്തരിയല്ല. അനുഭവം നിരാശയെ ജനിപ്പിക്കുന്നില്ലെങ്കിലും,

* കൃഷ്ണൻ പണ്ടാല അവർകളുടെ 'രസതന്ത്രം' ടി. കെ. കൃഷ്ണമേനോൻ അവർകളുടെ 'ഭൂപ്രകൃതിശാസ്ത്രം,' ശരീരശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയിൽ ചില നല്ല പുസ്തകങ്ങളുണ്ടു്. ബറോഡാ ഗവർമ്മേണ്ടും ബെങ്കാളസാഹിത്യപരിഷത്തും സാങ്കേതികശബ്ദങ്ങൾ അടങ്ങിയ ഓരോപുസ്തകം പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. സ. പ.

ആശാഭംഗത്തിനു വഴികാട്ടീട്ടുണ്ട്. സമസ്തകേരളസാഹിത്യപരിഷത്തില്ലെ? പ്രാദേശികസാഹിത്യയോഗങ്ങളില്ലെ? ഭാഷാപരിഷ്ക്കരണസംഘങ്ങളില്ലെ? കേരളത്തിലും മഹാപാഠശാലകളില്ലെ? എല്ലാമുണ്ട്. അവയ്ക്കു യോഗശക്തിയില്ല. കൈരളിക്ക് അതുണ്ടായിക്കാണുവാനുള്ള യോഗവും വന്നിട്ടില്ല. 'കേമദ്രുമ'യോഗം മുമ്പൊഴിഞ്ഞാൽ, ഭാഗ്യയോഗം പിന്നാലെ വരുമായിരിക്കാം. അതിനു കേരളസർവ്വകലാശാലയുടെ ഗ്രഹസ്ഥിതി തെളിഞ്ഞാൽ നന്[illegible]യിരുന്നു. പക്ഷെ—എന്തു ചെയ്യാം! ഒന്നും ഒക്കുന്നില്ലെങ്കിലും ഈ ത്രൈമാ[illegible]കംവഴി സാങ്കേതികശബ്ദസംഭരണത്തിനും പണ്ഡിതാഭിപ്രായപ്രകാശ[illegible]നും സംഗതിയായാൽ അത്രത്തോളമെങ്കിലും ആയല്ലോ എന്നു [illegible]ക്കാമെന്നു തോന്നുന്നുണ്ട്.

[illegible]നം ആ വഴിക്കു പോകുവാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു വഴികാട്ടി മാത്ര[illegible] കൈരളിയുടെ എഴുന്നള്ളത്തുപന്നാകം കടവിൽ ഉറച്ചു കിടക്കുകയാണു്. ഒരുമരക്കാരനും കുറെ തണ്ടാളികളും ഒത്തുകൂടിയാൽ, ഒന്നു തള്ളിനോക്കാം. ഇള[illegible] കിട്ടിയാൽ ജയിച്ചു; പിന്നെ വലിച്ചുകയററാം. അല്ലെങ്കിൽ ഏററംകൊണ്ടുതന്നെ പൊങ്ങി, തലതെററിത്തിരിഞ്ഞു കാററത്തലഞ്ഞുനടക്കട്ടെ എന്നു വെക്കേണ്ടിവരും. അതുകണ്ടു രസിക്കുവാനുള്ള മനോഭാവം കേരളീയർക്കുണ്ടോ?

(സ. കേ. ത്രൈ. മാ.)

---

* സാങ്കേതിശബ്ദനിഘണ്ഡുനിർമ്മാണത്തെക്കുറിച്ചു സഹൃദയനിൽ ടി. കെ. കൃഷ്ണമേനോൻ അവർകളുടെ ഒരു ലേഖനമുണ്ട്. സ. പ.


## പരസ്യം.

1114-ലെ കുടിശ്ശിക ലക്കങ്ങൾ അച്ചടിച്ചു പുറപ്പെടുവിക്കുന്നതാണ്. താമസം ക്ഷമിക്കണം. കുടിശ്ശിക വരിസംഖ്യയും ഉടനെ അയച്ചുതന്നു സഹായിക്കണം.

മാനേജർ.


B27